മേലുകാവുമറ്റം മാർ സ്ലീവാ മെഡിസിറ്റി അസംപ്ഷൻ മെഡിക്കൽ സെന്ററിൽ വച്ച് സൗജന്യ ന്യൂറോളജി മെഡിക്കൽക്യാമ്പ് നടത്തി. ന്യൂറോളജിവിഭാഗം കൺസൾട്ടന്റ് ഡോ.ജെമിനി ജോർജ് നേതൃത്വം നൽകി.

**ഹെൽത്ത് ടോക്ക് സീരീസ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഹ്യൂമൻ റിസോഴ്സസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹെൽത്ത് ടോക്ക് സീരീസ് സംഘടിപ്പിച്ചു. ഫാമിലി മെഡിസിൻ ആൻഡ് ഹോം കെയർ വിഭാഗത്തിലെ ഡോ. സംഗീത എസ് ക്ലാസ്സ് നയിച്ചു.

**ഡോ. ബാലമുരളി ജി ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി പീഡിയാട്രിക് സർജറി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റായി ഡോ. ബാലമുരളി ജി. ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**പ്രത്യാശയുടെ കവാടം**

ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനദേവാലയത്തിൽ ഈശോയുടെ മനുഷ്യാവതാരജൂബിലി 2025 നോടനുബന്ധിച്ച് പ്രത്യാശയുടെ

കവാടം തുറന്നു. നവംബർ 31 ന് വൈകുന്നേരം 5 മണിക്ക് പാലാരൂപ താധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രത്യാശയുടെ കവാടം തുറന്നു. തദവസരത്തിൽ പാലാ രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാ പറമ്പിലും സന്നിഹിതനായിരുന്നു. ഡിസംബർ ഒന്നുമുതൽ 2026 ജനു വരി അഞ്ചാം തീയതി വരെ ഈ കവാടം കടക്കുന്നവർക്ക് പൂർണദണ്ഡ വിമോചനം പ്രാപിക്കാവുന്നതാണ്.

ഡിസംബർ ഒന്നുമുതൽ 25 വരെയുള്ള ദിവസങ്ങളിൽ പ്രത്യേക ജൂബിലി കലണ്ടർ തയ്യാറാക്കി ഓരോ ദിവസവും ഓരോ പ്രത്യേക നിയോ ഗങ്ങൾക്കായി പ്രാർത്ഥിക്കുകയും രാവിലെ 11 മണി മുതൽ 11.30 വരെ ദിവ്യകാരുണ്യആരാധനയും 11.30 ന് വിശുദ്ധ കുർബാനയും നടത്തുക യും ചെയ്തു.

ഡിസംബർ 1 മുതൽ 25 വരെയുള്ള ദിവസങ്ങളിലെ പ്രത്യേക ശുശ്രൂഷ കളും അതിന് നേതൃത്വം നൽകിയവരും :

ഡിസംബർ 1 തിങ്കൾ: വിദ്യാഭ്യാസപ്രവർത്തകർ, അധ്യാപകർ, വിദ്യാർത്ഥി കൾ - റവ.ഫാ. ജോർജ് പുല്ലുകാലായിൽ (സെക്രട്ടറി, പാലാ കോർപറേറ്റ്)

2 ചൊവ്വ: പൊലീസ്, നിയമപാലകർ, സൈനികർ, സെക്യൂരിറ്റിക്കാർ- അഡ്വ. ഫാ. ആൽവിൻ ഏറ്റുമാനൂക്കാരൻ, അഡ്വ. ഫാ. ജോസഫ് താഴ ത്തുവരിക്കയിൽ

3 ബുധൻ: കലാകാരന്മാർ, എഴുത്തുകാർ- ഫാ. ക്രിസ്റ്റി പന്തലാനി (ഡയറ ക്ടർ, പാലാ കമ്മ്യൂണിക്കേഷൻസ്)

4 വ്യാഴം: സെമിനാരിക്കാർ, ഡീക്കന്മാർ- റവ.ഫാ. തോമസ് മൂലേച്ചാലിൽ (വികാരി, ചേന്നാട്)

5 വെള്ളി: ദരിദ്രർ, സാമൂഹികപ്രവർത്തകർ, അനാഥർ- ഫാ. തോമസ് കിഴക്കയിൽ (പി.എസ്.ഡബ്ല്യൂ.എസ്. ഡയറക്ടർ)

6 ശനി: സന്ന്യാസവൈദികർ, ദയറാക്കാർ, കുമ്പസാരക്കാർ - ഫാ. ജോർ ജ് പാറേക്കുന്നേൽ (വികാരി, അറക്കുളം പഴയപള്ളി)

7 ഞായർ: ആരോഗ്യപ്രവർത്തകർ, ആശുപത്രികൾ: ഫാ.അഗസ്റ്റിൻ കൂട്ടി യാനി (സി.ഇ.ഒ., മെഡിസിറ്റി, പാലാ)

8 തിങ്കൾ: സമർപ്പിതർ, മരിയൻ ആത്മീയത- റവ. ഫാ. തോമസ് പുന്ന ത്താനത്ത് (വികാരി, കിഴതടിയൂർ പള്ളി)

9 ചൊവ്വ: രോഗികൾ, ഭിന്നശേഷിക്കാർ-ഫാ. ജെയിംസ് തെക്കുംചേരി ക്കുന്നേൽ (എം.സി.ബി.എസ്. തുവേലി)

10 ബുധൻ: മാധ്യമപ്രവർത്തകർ, വേൾഡ് ഓഫ് കമ്മ്യൂണിക്കേഷൻ- ഫാ. ജീമോൻ പനച്ചിക്കൽകരോട്ട് (ഡയറക്ടർ, മീഡിയകമ്മീഷൻ, പാലാ)

11 വ്യാഴം: തടവുകാർ, ദുരിതബാധിതർ- ഫാ. ജെയിംസ് പൊരുന്നോലിൽ (അസി. ഡയറക്ടർ, എം.വി.എസ്. പാലാ)

12 വെള്ളി: സർക്കാരുകൾ, സർക്കാർ ഉദ്യോഗസ്ഥർ- ഫാ. ജിതിൻ സാബു വല്ലൂർ ഒ.എസ്ബി.

13 ശനി: കുടുംബങ്ങൾ- ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്)

14 ഞായർ: പരിശുദ്ധപിതാവ്- റവ.ഡോ.തോമസ് വടക്കേൽ (സെക്രട്ടറി സി.ബി.സി.ഐ, കെ.സി.ബി.സി. കമ്മീഷൻ)

15 തിങ്കൾ : തൊഴിലാളികൾ, കർഷകർ- ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം (ഡയറക്ടർ, ഡി.എഫ്.സി. & കെ.എൽ.എം.പാലാ)

16 ചൊവ്വ: പൗരസ്ത്യസഭകൾ- റവ.ഫാ. സോമി മുഴുത്തേട്ട് OCD ആശ്രമം, പാലാ)

17 ബുധൻ: ഗായകസംഘങ്ങൾ, കായികതാരങ്ങൾ- ഫാ. സ്കറിയാ മലമാക്കൽ (വികാരി, മണ്ണയ്ക്കനാട് പള്ളി)

18 വ്യാഴം: സീറോ മലബാർ സഭ- ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ജി. എസ്.എം.സെമിനാരി, പാലാ)

19 വെള്ളി: മിഷനറിമാർ,സുവിശേഷപ്രസംഗകർ- ഫാ. ജോർജ് മഞ്ഞയ്ക്കൽ സി.എഫ്.സി.ഐ. (സാന്താമരിയ, ഇടമറ്റം)

20 ശനി: തൊഴിൽരഹിതർ, യുവജനങ്ങൾ- ഫാ. മാണി കൊഴുപ്പൻകുറ്റി (ഡയറക്ടർ, SMYM, പാലാരൂപത)

21 ഞായർ: വൈദികർ, മെത്രാന്മാർ, പാലാ രൂപതയുടെ പിതാക്കന്മാർ, വൈദികർ, സന്ന്യസ്തർ, സമർപ്പിതർ-ഫാ. മാത്യു കുറ്റിയാനിക്കൽ അഡ്മിനിസ്ട്രേറ്റർ, ഭരണങ്ങാനം ഷ്റൈൻ)

22 തിങ്കൾ: മതാധ്യാപകർ, ഭക്തസംഘടനകൾ- ഫാ. മാർട്ടിൻ കല്ലറയ്ക്കൽ (ബർസാർ, ബി.വിഎം. കോളജ് ചേർപ്പുങ്കൽ)

23 ചൊവ്വ- കൗമാരക്കാർ, സൺഡേ സ്കൂൾ വിദ്യാർഥികൾ -
റവ. ഡോ. ജോസഫ് തെക്കേക്കരോട്ട് MST (അസി. ജനറാൾ, MST)

24 ബുധൻ: മർദിതസഭകൾ, രക്തസാക്ഷികൾ- ഫാ. കരോൾ പയ്യമ്പിള്ളിൽ (ഗവേഷണം, ലുവെയിൻ)

25 വ്യാഴം : ലോകസമാധാനം, ഭാരതത്തിനുവേണ്ടി- റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ (റെക്ടർ, ഭരണങ്ങാനം ഷ്റൈൻ)

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനക്കാരായ ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടി ഡിസംബർ 7 ഞായറാഴ്ച വി. കുർബാനയും കുമ്പസാരവും നടത്തപ്പെട്ടു. റവ. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 27 ശനിയാഴ്ച രാത്രിയാരാധന നടത്തപ്പെട്ടു. വൈകിട്ട് 7 മണിക്കുള്ള വി. കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്ക് വിശുദ്ധകുർബാനയോടെ സമാപിച്ചു. റവ.ഫാ. ഉല്ലാസ് മാത്യു വട്ടംതൊട്ടിയിൽ VC ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**വോളണ്ടിയേഴ്സ് മീറ്റിങ്**

വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ വോളണ്ടിയർമാരുടെ ഒരു മീറ്റിങ് ഡിസംബർ 16 ന് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട റെക്ടറച്ചന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ക്രിസ്മസ് ആഘോഷവും നടത്തി. എഴുപതോളം വോളണ്ടിയർമാർ മീറ്റിങ്ങിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും ബഹു. റെക്ടറച്ചൻ ക്രിസ്മസ് സമ്മാനങ്ങളും നൽകി.

**നഴ്സിങ് വിദ്യാർത്ഥികളുടെ സന്ദർശനം**

2025 ഡിസംബർ 20 ശനിയാഴ്ച ചേർപ്പുങ്കൽ BVM നഴ്സിങ് കോളജിലെ 160 ഓളം വിദ്യാർത്ഥികൾ 'പ്രത്യാശയുടെ കവാടം' കടന്ന് പ്രാർത്ഥിക്കുകയും അന്നത്തെ മെഴുകുതിരി ജപമാലപ്രദക്ഷിണത്തിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു.

**വൈദികവിദ്യാർഥികളുടെ സന്ദർശനം**

പാലാ രൂപതയിലെ മേജർ സെമിനാരി വൈദികവിദ്യാർഥികൾ ഡിസംബർ 23-ാം തീയതി തീർത്ഥാടനകേന്ദ്രത്തിൽ പ്രത്യാശയുടെ കവാടം കടന്ന് പ്രാർത്ഥിച്ചു.

**ഡീക്കന്മാരുടെ സന്ദർശനം**

പാലാ രൂപതയിലെ 14 ഡീക്കന്മാർ ഡിസംബർ 6 ന് തീർത്ഥാടനകേന്ദ്രത്തിൽ പ്രത്യാശയുടെ കവാടം കടന്നു പ്രാർത്ഥിച്ചു.

**ഡിസംബർ മാസത്തിൽ ജപമാലപ്രദക്ഷിണത്തിന് നേതൃത്വം നൽകിയവർ**

ഡിസംബർ 6 : മുത്തോലി
ഡിസംബർ 13 : നെല്ലാപ്പാറ
ഡിസംബർ 20 : ഇടമറ്റം

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**CTP കോഴ്സ്**

2025-26 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ്സ് ഡിസംബർ 13, 20 തീയതികളിൽ നടന്നു. റവ. ഡോ. ഡൊമിനിക്ക് വെച്ചൂർ, ഫാ. മാത്യു കുമ്പുളുങ്കൽ തുടങ്ങിയവർ ക്ലാസ്സ് നയിച്ചു.

**ജനുവരിമാസത്തിലെ ക്ലാസ്സുകൾ**
ജനുവരി 2 വെള്ളി : Moral Theology ഡോ. ഡൊമിനിക്ക് വെച്ചൂർ
ജനുവരി 10 ശനി : 9.30 AM - 12.30 PM Importance of Syriac language and Liturgical Music ഫാ. അഗസ്റ്റിൻ കണ്ടത്തിക്കുടിലിൽ
1.15 PM- 3.30 PM : Theology of Religion ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ

**അഭിനന്ദനങ്ങൾ!**

12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി ഡിസംബർ 26, 27, 28 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തപ്പെട്ട ആഗോളതലപ്രതിഭാസംഗമത്തിൽ വിജയികളായ 10 പ്രതിഭകളിൽ ഒരാളായി പാലാ രൂപത ഉരുളികുന്നം ഇടവകാംഗമായ ലിയാ റോജി പടിഞ്ഞാറേമുറിയിൽ തിരഞ്ഞെടുക്കപ്പെട്ടു. ലിയാ റോജിക്കും പങ്കെടുത്ത മറ്റുള്ളവർക്കും അവരെ ഒരുക്കിയ അധ്യാപകർക്കും ബഹുമാനപ്പെട്ട വൈദികർക്കും അനുമോദനങ്ങൾ!

**Question Board Meeting നടത്തപ്പെട്ടു**

വിശ്വാസപരിശീലനത്തിന്റെ രണ്ടാം ടേം പരീക്ഷകൾക്കുള്ള ചോദ്യപ്പേപ്പർ തയ്യാറാക്കുന്നതിനായി രൂപീകരിച്ച Question Board അംഗങ്ങളുടെ മീറ്റിങ് 2025 ഡിസംബർ 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആവശ്യമായ നിർദേശങ്ങൾ നല്കി.

**പ്രമോട്ടേഴ്സ് സമ്മേളനം**

രൂപതയിലെ സൺഡേസ്കൂൾ പ്രമോട്ടേഴ്സിന്റെ സമ്മേളനം 2026 ജനുവരി 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞു 2 മുതൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടും.

**സ്കൂൾ മതബോധനസന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ**

സ്കൂൾ സന്മാർഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ 2026 ജനുവരി 17-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെയും മതബോധന സ്കോളർഷിപ്പ് പരീക്ഷ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയും നാലു കേന്ദ്രങ്ങളിലായി നടത്തപ്പെടുന്നു. പരീക്ഷ നടത്തപ്പെടുന്ന കേന്ദ്രങ്ങൾ: സെന്റ് തോമസ് എച്ച്. എസ്. പാലാ, സെന്റ് ജോർജ് എച്ച്.എസ്. അരുവിത്തുറ, സെന്റ് മേരീസ് ജി.എച്ച്.എസ്. കുറവിലങ്ങാട്, സെന്റ് ജോർജ് യു.പി. എസ്. മൂലമറ്റം.

**പ്രഥമാധ്യാപകരുടെ സമ്മേളനം**

രൂപതയിലെ പ്രഥമാധ്യാപകരുടെ സമ്മേളനം 2026 ജനുവരി 26-ാം തീയതി രാവിലെ 9.30 മുതൽ 12.30 വരെ അരുണാപുരം സെന്റ് തോമസ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെടുന്നതാണ്.

**വിശ്വാസപരിശീലന രൂപതവാർഷികം**

വിശ്വാസപരിശീലന രൂപതവാർഷികം 2026 ജനുവരി 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം സെന്റ് തോമസ് ചർച്ച് ഓഡിറ്റോറിയത്തിൽവച്ചു നടക്കും. രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും ഈ വർഷം നടത്തപ്പെട്ട വിവിധ കലാസാഹിത്യമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ നല്കുന്നതുമാണ്. സമ്മാനാർഹരായ എല്ലാവരും പ്രസ്തുത സമ്മേളനത്തിൽ വന്നു സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. രൂപതയിലെ മികച്ച വിശ്വാസപരിശീലകനെയും വിശ്വാസപരിശീലനരംഗത്ത് 20,40,50 വർഷങ്ങൾ പൂർത്തിയാക്കിയ വിശ്വാസപരിശീലകരെയും ഈ സമ്മേളനത്തിൽ വച്ച് ആദരിക്കുന്നതാണ്. രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേസ്കൂളുകൾക്കുള്ള ട്രോഫികൾ, വിവിധ സ്കോളർഷിപ്പുകൾ നേടിയവർക്കുള്ള സമ്മാനങ്ങൾ എന്നിവയും ഈ വാർഷികയോഗത്തിൽ വച്ച് നല്കുന്നതാണ്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത സമിതിയുടെ 2025 ഡിസംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം ഡിസംബർ മാസം 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വെച്ച് നടന്നു. രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി.

**രൂപത ജൂണിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയിലെ 2025-2026 പ്രവർത്തനവർഷത്തെ രൂപത ജൂണിയേഴ്സ് ക്യാമ്പ് 2025 ഡിസംബർ മാസം 29, 30 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. പ്രസിഡന്റ് ബെന്നി മുത്തനാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം രൂപത വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു.

രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജനറൽ സെക്രട്ടറി ഡോ ടോം ഒട്ടലാങ്കൽ, സിസ്റ്റർ അനറ്റ് എസ്.എ.ബി.എസ്, ദിയ ഫ്രാങ്ക്സൻ, ഡോ. അലക്സ് കാവുകാട്ട്, ഷിജോ സക്കറിയ, സാഗര, ലിന്റു ടോമി, തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

ളാലം ഓൾഡ് ഇടവകയിലെ രോഹൻ കെ. റിജോയും, പാലാക്കാട് ചെറുപുഷ്പം ഇടവകയിലെ ക്രിസ്റ്റീന സുഭാഷും ബെസ്റ്റ് ക്യാമ്പേഴ്സ് ആയി തിരഞ്ഞെടുക്കപ്പെട്ടു.

**ദൈവവിളി ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ 2025-2026 പ്രവർത്തനവർഷത്തെ ദൈവവിളി ക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2025 ഡിസംബർ മാസം 30, 31 തീയതികളിൽ നടന്നു. പ്രസിഡന്റ് ബെന്നി മുത്തനാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ഡോ. ടോം ഒട്ടലാങ്കൽ, സിസ്റ്റർ അനറ്റ് എസ്.എ.ബി.എസ്, സിസ്റ്റർ ട്രീസ SABS, മാത്യു പുല്ലാട്ട് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

---

# കെ.സി.എസ്.എൽ.

---

**കളരി വിതരണം ചെയ്തു.**

കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ കളരി രണ്ടാംലക്കം സ്കൂളുകളിൽ വിതരണം ചെയ്തു.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

ജനുവരി 6 ന് പി.ഒ.സി.യിൽവച്ചു നടന്ന സെൻട്രൽ കൗൺസിൽ മീറ്റിങ്ങിൽ പാലാ രൂപതയിൽനിന്നു പ്രസിഡന്റ് ജിജോ മാത്യു പങ്കെടുത്തു.

**സ്നേഹത്തിന്റെ കൈത്താങ്ങ്**

പാലാ രൂപത കെ.സി.എസ്.എൽ ഒരുക്കിയ 'സ്നേഹത്തിന്റെ കൈത്താങ്ങ്'- കുട്ടികളിൽനിന്നു ശേഖരിച്ച സാധനസാമഗ്രികൾ പാലാ രൂപതയിലെ വിവിധ കെയർഹോംസ്, മരിയസദനം എന്നിവിടങ്ങളിൽ വിതരണം ചെയ്തു.

**സമ്മാനങ്ങൾ വിതരണം ചെയ്തു**

കെ.സി.എസ്.എൽ.ന്റെ ഈ വർഷത്തെ സാഹിത്യോത്സവം, കലോത്സവം എന്നിവയ്ക്ക് ഫസ്റ്റ്, സെക്കന്റ്, തേർഡ് ലഭിച്ച കുട്ടികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**ബെസ്റ്റ് സ്കൂൾ, ബെസ്റ്റ് ആനിമേറ്റർ അവാർഡുകൾ**

കെ.സി.എസ്.എൽ 2024-25 വർഷത്തെ ബെസ്റ്റ് സ്കൂൾ, ബെസ്റ്റ് ആനിമേറ്റർ അവാർഡുകൾ വിതരണം ചെയ്തു.

**ബെസ്റ്റ് സ്കൂൾ**

***എച്ച്.എസ്.എസ്***

സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, പ്ലാശ്ശനാൽ

***എച്ച്. എസ്***

സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്

***യു.പി***

എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം

**ബെസ്റ്റ് ആനിമേറ്റർ**

***എച്ച്.എസ്.എസ്***

നീന എലിസബത്ത് ജോർജ്, സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്, രാമപുരം

***എച്ച്. എസ്***

പ്രിറ്റി അഗസ്റ്റിൻ, സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്

**യു.പി**

സി. ലിസിയമ്മ പി.സി, എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

## എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**വാർഷിക സെനറ്റ്സമ്മേളനം**

എസ്എംവൈഎം പാലാ രൂപതയുടെ വാർഷികസെനറ്റ് സമ്മേളനം എകെസിസി ഗ്ലോബൽ പ്രസിഡന്റും, കെസിവൈഎം പാലാാ രൂപതയുടെ മുൻ പ്രസിഡന്റുമായ ശ്രീ രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. എസ്എംവൈഎം ഭരണങ്ങാനം ഫൊറോനയുടെയും, ഇടമറ്റം യൂണിറ്റിന്റെയും ആതിഥേയത്വത്തിൽ ഇടമറ്റം സെന്റ് മൈക്കിൾസ് പള്ളിയിൽ വച്ചാണ് സെനറ്റ് സമ്മേളനം നടത്തപ്പെട്ടത്. രൂപതയിലെ ഫൊറോനകൾ, രൂപത സമിതി എന്നിവർ റിപ്പോർട്ട് അവതരിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു. രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ചു. രൂപത സെനറ്റിന് എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിന്റ് ഡയറക്ടർ സി. നവീന സിഎംസി, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ഫാ. ജോസഫ് താന്നിക്കപ്പാറ, ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ, വൈസ് പ്രസിഡന്റ് ബിൽന സിബി, ജോസഫ് വടക്കേൽ, ഫൊറോന പ്രസിഡന്റ് സെബാസ്റ്റ്യൻ എബ്രാഹം, യൂണിറ്റ് പ്രസിഡന്റ് ആന്റോ സണ്ണി എന്നിവർ നേതൃത്വം നൽകി.

**ജനവിധി തേടുന്ന സംഘടനാപ്രവർത്തകർക്ക് ഐക്യദാർഢ്യവുമായി എസ്എംവൈഎം പാലാ രൂപത**

തദ്ദേശതിരഞ്ഞെടുപ്പിൽ ജനവിധി തേടുന്ന സംഘടനാപ്രവർത്തകർക്ക് ഐക്യദാർഢ്യവുമായി എസ്എംവൈഎം പാലാ രൂപത സംഘടന -സാമുദായിക-യുവജന പ്രാതിനിധ്യം വിവിധ തദ്ദേശസ്ഥാപനങ്ങളിൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെട്ട യോഗത്തിൽ സംഘടനയുടെ ഭാഗമായി തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർക്ക് യുവജന പ്രസ്ഥാനത്തിന്റെ പരിപൂർണ്ണമായ പിന്തുണ ഉണ്ടായിരിക്കുമെന്ന് അറിയിച്ചു.

**പ്രാർത്ഥനാശംസകൾ**

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിൽനിന്നു ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച എസ്എംവൈഎം പാലാ രൂപത മുൻ ബ്രദർ റീജിയന്റ് ഫാ. സെബാസ്റ്റ്യൻ (ഡാൻ) കടുപ്പിലിന് രൂപതാ യുവജനകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ നേർന്നു.

**നന്ദി**

**എസ്എംവൈഎം യൂണിറ്റുകൾ പുതിയ പ്രവർത്തനവർഷത്തേക്ക്**

2025 പ്രവർത്തനവർഷത്തിൽ യൂണിറ്റുകളെ ധീരമായി നയിച്ച സംഘടനാഭാരവാഹികൾക്ക് ഹൃദയം നിറഞ്ഞ നന്ദി. പുതിയ പ്രവർത്തനവർഷത്തിൽ യൂണിറ്റുകളെ നയിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന സംഘടനാനേതാക്കന്മാർക്ക് അഭിവാദ്യങ്ങൾ!

**എസ്എംവൈഎം നേതൃത്വ പരിശീലനക്യാമ്പ് (വൈ.എ.റ്റി.പി.)**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെ നേതൃത്വ പരിശീലനക്യാമ്പ് യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം എട്ടാംഘട്ടം നടത്തപ്പെട്ടു. എസ്എംവൈഎം അൽഫോൻസാഗിരി യൂണിറ്റിന്റെ ആഭിമുഖ്യത്തിലാണ് ക്യാമ്പ് നടത്തപ്പെട്ടത്.

**ഫൊറോന ഇലക്ഷൻ**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ 2026 പ്രവർത്തനവർഷത്തേക്കുള്ള ഫൊറോനാഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. ഡിസംബർ 1 മുതൽ ഡിസംബർ 15 വരെ നടത്തപ്പെട്ട ഫൊറോനാഇലക്ഷന് ഫൊറോനാഡയറക്ടർമാർ നേതൃത്വം നൽകി.

**പ്രാർത്ഥനാശംസകൾ**

കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആർച്ചുബിഷപ് ഡോ.വർഗീസ് ചക്കാലയ്ക്കൽപിതാവിന് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ!

കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ സെക്രട്ടറി ജനറലായി തിരഞ്ഞെടുക്കപ്പെട്ട മാർ തോമസ് തറയിൽപിതാവിന് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ!

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ യൂത്ത് കമ്മീഷൻ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട മാർ. ജോൺ നെല്ലിക്കുന്നേൽ പിതാവിന് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ!

**തദ്ദേശതിരഞ്ഞെടുപ്പിൽ കരുത്ത് തെളിയിച്ച് പാലാ രൂപത എസ്എംവൈഎം**

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ കരുത്തു തെളിയിച്ച് മിന്നുന്ന വിജയം നേടി എസ്എംവൈഎം പാലാ രൂപതയുടെ പ്രവർത്തകർ. യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തകരായ 9 പേർ മത്സരിച്ചപ്പോൾ എട്ടുപേരും മിന്നുന്ന വിജയം നേടി. നാളുകൾക്കു മുന്നേ രാഷ്ട്രീയകാര്യസമിതി രൂപീകരിക്കുകയും, പ്രവർത്തകരായ സ്ഥാനാർത്ഥികൾക്ക് ശക്തമായ പിന്തുണ പ്രഖ്യാപിക്കുകയും, രൂപതാസമിതിയുടെ നേതൃത്വത്തിൽ പരസ്യപ്രചാരണം നടത്തുകയും ചെയ്തിരുന്നു. കോട്ടയം ജില്ലാ പഞ്ചായത്ത് കടുത്തുരുത്തി ഡിവിഷൻ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് കളത്തൂക്കടവ് ഡിവിഷൻ, പാലാ നഗരസഭ, മീനച്ചിൽ, കുറവിലങ്ങാട്, മരങ്ങാട്ടുപിള്ളി, മുട്ടം, രാമപുരം, തീക്കോയി ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലായി സംഘടനയുടെ വ്യക്തമായ സ്വാധീനം അറിയിച്ചു. വിവിധ മുന്നണികളിലായാണ് സ്ഥാനാർത്ഥികൾ വിജയിച്ചുകയറിയത്. പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ മുൻകാല പ്രസിഡന്റുമാർ ഉൾപ്പെടെ സംഘടനയുടെ ധാരാളം മുൻകാലപ്രവർത്തകരും തദ്ദേശപ്പോരിൽ മിന്നും ജയം നേടി. തദ്ദേശതിരഞ്ഞെടുപ്പിൽ വിജയിച്ചുവന്ന സംഘടനാപ്രവർത്തകരെ എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡൻറ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, മറ്റു രൂപത ഭാരവാഹികൾ എന്നിവർ ചേർന്ന് അഭിനന്ദിച്ചു.

**പ്രത്യാശയുടെ കവാടം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ 'പ്രത്യാശയുടെ കവാടം' തുറന്നിരിക്കുന്നു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നിർദേശമനുസരിച്ച് യുവജനങ്ങൾക്കായി ഡിസംബർമാസം ഇരുപതാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ നേതൃത്വത്തിൽ ആരാധനയും തുടർന്ന് പതിനൊന്നരയ്ക്ക് വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽനിന്നും നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**പാലാ രൂപത എസ്എംവൈഎം പ്രവർത്തകരായ ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി**

പാലാ രൂപത എസ്എംവൈഎം ന്റെ ആഭിമുഖ്യത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയം നേടിയ സംഘടനാപ്രവർത്തകർക്ക് സ്വീകരണം നൽകി. തദ്ദേശതിരഞ്ഞെടുപ്പിൽ ജനവിധി തേടിയ ഒമ്പതു സംഘടനാപ്രവർത്തകരിൽ എട്ടുപേരും വിജയിച്ചിരുന്നു. കോട്ടയം ജില്ലാ പഞ്ചായത്ത് കടുത്തുരുത്തി ഡിവിഷനിൽനിന്നു വിജയിച്ച ആൻ മരിയ ജോർജ്, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് കളത്തൂക്കടവ് ഡിവിഷനിൽനിന്നു വിജയിച്ച ആൻമരിയ അമൽ, മീനച്ചിൽ ഗ്രാമപഞ്ചായത്തിൽനിന്നു വിജയിച്ച അഞ്ജന തെരേസ് മാത്യു, രാമപുരം ഗ്രാമപഞ്ചായത്തിൽ നിന്നു വിജയിച്ച ആൻസ് മരിയ ജോസ്, മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ നിന്ന് വിജയിച്ച ജോസ്മോൻ ജേക്കബ്, മുട്ടം ഗ്രാമപഞ്ചായത്തിൽ നിന്നു വിജയിച്ച ജോബിസ് ജോസ് എന്നിവരെ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രം റെക്ടർ റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ എസ്എംവൈഎം ഷാൾ അണിയിച്ചു. വി. അൽഫോൻസാമ്മയുടെ വിശുദ്ധി നിറഞ്ഞുനിൽക്കുന്ന ഭരണങ്ങാനത്തിന്റെ മണ്ണിൽ നടത്തപ്പെട്ട സ്വീകരണത്തിന് എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജോയിൻറ് ഡയറക്ടർ സി. നവീന സിഎംസി, സെക്രട്ടറി ബെനിസൺ സണ്ണി, സി. ആൻസ് എസ്എച്ച്, ബിയോ ബെന്നി, തോമാച്ചൻ കല്ലറയ്ക്കൽ, ജിബിൻ സാബു എന്നിവർ നേതൃത്വം നൽകി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

## ജീസസ് യൂത്ത്

**മേലുകാവുമറ്റം ഇടവക പ്രോഗ്രാം**

മേലുകാവുമറ്റം സെന്റ് തോമസ് സീറോ മലബാർ ഇടവകയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ഡിസംബർ 7-ാം തീയതി ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. വികാരി ഫാ. ജോർജ് കാരംവേലിൽ, അസി.വികാരി ഫാ.ജോസഫ് കണ്ടപ്പറമ്പത്ത്, ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രോഗ്രാമിൽ 225 കുട്ടികൾ പങ്കെടുത്തു.

**കൾച്ചറൽ എക്സ്ചേഞ്ച് 25**

നമ്മുടെ വിശ്വാസജീവിതവും പ്രാർത്ഥനാശൈലിയും പരിചയപ്പെടാനും അടുത്തറിയാനുമായി ഉത്തരേന്ത്യയിലെ യുവജനങ്ങൾക്കായി എല്ലാ വർഷവും നടക്കാറുള്ള കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം ഈ വർഷം ഡിസംബർ 13ന് ആരംഭിച്ചു. ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിലെ

ഒരാഴ്ചത്തെ ധ്യാനത്തിനുശേഷം കേരളത്തിലെ വിവിധ സോണുകളിലേക്ക് അയയ്ക്കപ്പെട്ടു. അവരിൽ ഡാർജിലിങ് ബിഹാർ എന്നീ സ്ഥലങ്ങളിൽനിന്നായി 9 യുവജനങ്ങൾ പാലാ സോണിലേക്ക് എത്തിച്ചേരുകയും ചെയ്തു. ഡിസംബർ 23-ാം തീയതി വരെ പാലാ രൂപതയിലെ വിവിധ ആരാധനാലയവും തീർഥാടനകേന്ദ്രങ്ങളും അവർ സന്ദർശിക്കുകയും നമ്മുടെ വിശ്വാസജീവിതം അടുത്തറിയുകയും ചെയ്തു.

**ACT SIXTEEN**

ഡിസംബർ 22 മുതൽ എല്ലാ ഞായറാഴ്ചയും ഭരണങ്ങാനം സെൻറ് അൽഫോൻസാ ഷ്റൈനിൽ വച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ACT SIXTEEN' ഒരു മണിക്കൂർ സ്തുതി ആരാധന നടത്തുവാൻ ആരംഭിച്ചു.

**നരിയങ്ങാനം ഇടവക പ്രോഗ്രാം**

നരിയങ്ങാനം സെന്റ് മേരിമഗ്ദലന സീറോ മലബാർ ഇടവകയിലെ സൺഡേ സ്കൂൾവിദ്യാർത്ഥികൾക്കായി നവംബർ 30-ാം തീയതി പ്രോഗ്രാം നടത്തപ്പെട്ടു. വികാരി ഫാ. തോമസ് പട്ടേരിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രോഗ്രാമിൽ നൂറോളം കുട്ടികൾ പങ്കെടുത്തു.

**ഓൺലൈൻ മംഗളവാർത്താധ്യാനം**

ഗർഭിണികളായ ദമ്പതികൾക്കും നവദമ്പതികൾക്കും, മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു കാത്തിരിക്കുന്ന ദമ്പതികൾക്കുംവേണ്ടി ഡിസംബർ 14 ഞായർ മുതൽ 18 വ്യാഴം വരെ ദിവസങ്ങളിൽ രാത്രി 8 മുതൽ 10 വരെ സൂം പ്ലാറ്റ്ഫോമിൽ വച്ച് ഓൺലൈൻധ്യാനം നടത്തപ്പെട്ടു. പാലാ രൂപത ജീസസ് യൂത്ത് മംഗളവാർത്താ ടീം നടത്തുന്ന ഈ ധ്യാനത്തിന് പ്രമുഖ ഗൈനക്കോളജി ഡോക്ടർമാർ, പീഡിയാട്രീഷ്യന്മാർ, പ്രമുഖ വൈദികർ, സിസ്റ്റേഴ്സ്, വചനപ്രഘോഷകർ എന്നിവർ ക്ലാസുകൾ നയിക്കുകയും ഡയറക്ടർ ഫാ മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ഫാ. കുര്യൻ മറ്റം എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

**ROAD TO THE MANGER**

ക്രിസ്തുവിനെ നമ്മുടെ ഹൃദയങ്ങളിൽ വരവേൽക്കുവാനും അതിനുവേണ്ടി ഒരുങ്ങുവാനുമായി ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ദൈവാനുഭവം പങ്കുവയ്ക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**ക്രിസ്മസ് ആഘോഷം**

ഡിസംബർ 13-ാം തീയതി ഉച്ചകഴിഞ്ഞ് 3 മുതൽ 6 മണി വരെ കണ്ണാടിയുറുമ്പ് മേരിമാതാസ്കൂളിൽ വച്ച് ജീസസ് യൂത്ത് പാലാ സോണൽ ക്രിസ്മസ് ആഘോഷം നടത്തപ്പെടുകയും നൂറിലധികം ആളുകൾ പങ്കെടുക്കുകയും ചെയ്തു.

**മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചുചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിൽ വച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു.

**ഫോർമേഷൻ ഡേ**

മാതാവിന്റെ അമലോത്ഭവത്തിരുനാൾ ജീസസ് യൂത്ത് ഫോർമേഷൻ ദിനമായി ആചരിക്കുകയും അതിന്റെ ഭാഗമായി ഡിസംബർ ഏഴാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 5 മണി വരെ ഷലോം പാസ്റ്ററൽ സെന്ററിൽ ജീസസ് യൂത്ത് അംഗങ്ങൾ ഒന്നിച്ചുചേരുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**നൈറ്റ് വിജിൽ**

ളാലം പുത്തൻപള്ളിയിൽവച്ച് ഡിസംബർ 5 ആദ്യവെള്ളിയാഴ്ച വൈകുന്നേരം വി. കുർബാനയ്ക്കുശേഷം നൈറ്റ് വിജിൽ നടത്തപ്പെടുകയും രാജൻ പീറ്റർ ക്ലാസ് നയിക്കുകയും ചെയ്തു.

**ബുധനാഴ്ച കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടന്നുവരുന്നു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** കടപ്ലാമറ്റം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം പ്രസിഡൻറ് ചാർലിയുടെ അധ്യക്ഷതയിൽ പാരീഷ് ഹാളിൽ ചേർന്നു. വികാരി വെരി. റവ.ഫാ. ജോസ് മുളഞ്ഞനാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ ക്ലാസ് നയിച്ചു.

**2.** 10/12/2025 ബുധനാഴ്ച 9.30 am ന് കുടുംബക്കൂട്ടായ്മ രൂപതാ എക്സിക്യൂട്ടീവ് യോഗവും തുടർന്ന് രൂപത കൗൺസിൽ യോഗവും ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

3. ജീവമന്ന പഠനപരമ്പരയിൽ കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിക്കുന്നതിനും പ്രത്യേകിച്ച് കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി വാർഡ്, ഇടവക, ഫൊറോനാ, രൂപതാതലമത്സരങ്ങളുടെ തീയതികളിൽ മാറ്റം വരുത്താൻ തീരുമാനിച്ചു.

a) വാർഡ്, ഇടവകതലമത്സരങ്ങൾ 2026 ഏപ്രിൽ 26 നകം നടത്തേണ്ടതാണ്.

b) ഫൊറോനാതല മത്സരങ്ങൾ മേയ് 10 ഞായർ 2 pm

c) രൂപതാതല മത്സരം മേയ് 17 ഞായർ 2 pm.

d) ജീവമന്നസംഗമവും സമ്മാനവിതരണവും മേയ് 27 എന്നീ ക്രമത്തിലായിരിക്കും കാര്യപരിപാടികൾ നടക്കുക. ജീവമന്നയുടെ കൂടുതൽ കോപ്പികൾ ഓഫീസിൽ എത്തിയ വിവരം ഇടവകകളിൽ അറിയിക്കാനും തീരുമാനിച്ചു.

**4.** 9/12/2025 ഞായറാഴ്ച 11 am ന് എടാട് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം വികാരി ഫാ. ജോസ് കുഴിഞ്ഞാലിൽ ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ ക്ലാസ് നയിച്ചു.

**5.** 8.30 pm ന് രാമപുരം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം വികാരി വെരി. റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം ഉദ്ഘാടനം ചെയ്തു. രൂപത റിസോഴ്സ് ടീമംഗം ജോയി തെക്കുംചേരിക്കുന്നേൽ ക്ലാസ് നയിച്ചു.

**6.** 12/12/2025 വൈകുന്നേരം 5.30 ന് കുറിച്ചിത്താനം സെന്റ് തോമസ് ഇടവകയിൽ കുടുംബക്കൂട്ടായ്മയുടെ വാർഷികസമ്മേളനം കുടുംബക്കൂട്ടായ്മ രൂപത ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് ഉദ്ഘാടനം ചെയ്തു.

7. 21/12/2025 2.30 pm ന് കൊഴുവനാൽ ഇടവകയിലെ ഭാരവാഹികളുടെ സമ്മേളനം വികാരി വെരി റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. ജെയിംസ് ആണ്ടാശ്ശേരി, ഷിബു തെക്കേമറ്റം, ഫിലിപ്പ് ചൊള്ളമ്പുഴ തുടങ്ങിയവർ സംസാരിച്ചു. സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ ക്ലാസ് നയിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ.ആൽബിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

ഡിസംബർ 05-07, 18-20, 29-31 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 402 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

ജനുവരി 09-11, 23-25, 30-1 എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഡിസംബർ മാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ.ഫാ. തോമസ് വടക്കേൽ, റവ. ഫാ. ജോസഫ് കടുപ്പിൽ എന്നിവർ ക്ലാസ്സെടുത്തു. 517 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. പ്രത്യാശയുടെ കവാടം**

ഡിസംബർ 12-ാം തീയതി 11 മണിക്ക് ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ സംഘടിപ്പിച്ച പ്രത്യാശയുടെ തീർത്ഥാടനകവാടത്തിലൂടെ ഫാമിലി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷ പ്രവർത്തകർ സന്ദർശനം നടത്തി. 3 സംഘടനകളിലെയും പ്രവർത്തകർ 11 മണിക്ക് ഒന്നിച്ചുകൂടി ആരാധനയിലും പരിശുദ്ധ കുർബാനയിലും പങ്കെടുത്തു. 11.30 ന് ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ആരാധനയ്ക്ക് നേതൃത്വം നൽകിയപ്പോൾ അസി.ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**5. സമ്മേളനം**

ഡിസംബർ 16-ാം തീയതി 10 മണിക്ക് പാലാ രൂപത വൈദിക സമ്മേളനം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടപ്പോൾ ഫാമിലി അപ്പോസ്തലേറ്റിന്റെ ഒരു ഗിഫ്റ്റ് ബാഗും പ്രോഗ്രാം കലണ്ടറും എല്ലാ വൈദികർക്കും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നൽകി.

**6. ആശംസകൾ**

ഡിസംബർ 23-ാം തീയതി 10 മണിക്ക് ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിലും സ്റ്റാഫ് അംഗങ്ങളും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിനും അരമനയിൽ എത്തി ക്രിസ്തുമസ്സിന്റെ ആശംസകൾ നേർന്നു.

**B. പിതൃവേദി**

**1. യൂണിറ്റ് വാർഷികം**

ഡിസംബർ 14 രാവിലെ 9.30 ന് രാമപുരം യൂണിറ്റ് വാർഷികം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. രാമപുരം വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുപുറം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. 40 പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു.

**2. പുതിയ നേതൃത്വനിര**

പിതാക്കൻമാരുടെ സംഘടനയായ പിതൃവേദി 2026-2027 വർഷത്തേയ്ക്കുള്ള പുതിയ ഭരണസമിതിയുടെ തിരഞ്ഞെടുപ്പ് ഡിസംബർ മാസം 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഒരു നല്ല നേതാവ് എന്ന വിഷയത്തെക്കുറിച്ച് റവ.ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സ് നയിച്ചു. പിതൃവേദി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് തിരഞ്ഞെടുപ്പ് പ്രക്രിയകൾക്ക് നേതൃത്വം നല്കി സംസാരിച്ചു. 2026-2027 പ്രവർത്തന

വർഷത്തേയ്ക്കുള്ള പ്രസിഡന്റ് യഥാക്രമം ശ്രീ ജോസ് തോമസ് മുത്ത നാട്ട്, വൈസ് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോമസ് പനയ്ക്കക്കുഴി, സെക്രട്ടറി ശ്രീ ബിൻസ് ജോസ് തൊടുകയിൽ, ജോയിന്റ് സെക്രട്ടറി ശ്രീ തങ്കച്ചൻ പുലിയാമറ്റം, ട്രഷറർ ശ്രീ ജോർജ് ഡിസ്കൺ എന്നിവർ തിര ഞ്ഞെടുക്കപ്പെട്ടു. പാലാ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രസിഡന്റുമാരാണ് സമ്മേളനത്തിൽ പങ്കെടുത്തത്. 4 മണിയോടുകൂടി യോഗം അവസാനിച്ചു.

**4. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസംബർ 21-ാം തീയതി പിതൃവേദി രൂപത എക്സിക്യൂട്ടീ വ് ഷലോം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് കൂടി. പുതുതായി നടപ്പിലാ ക്കേണ്ട 2 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ ചർച്ച ചെയ്തു.

**C. മാതൃവേദി**

**1. മത്സരം**

ഡിസംബർ 1 ന് രാവിലെ 10 മണിക്ക് പാലാ രൂപത മാതൃവേദി യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ചാക്രികലേഖനത്തിന്റെ മത്സരം ളാലം പഴയപള്ളി ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. വിവിധ മേഖലകളിൽ നിന്നായി 126 പേർ മത്സരത്തിൽ പങ്കെടുത്തു. എൽസി ജോസ് മുട്ടുചിറ, മേഴ്സി മാത്യു കോതനല്ലൂർ, മേരി ജോസ് കോതനല്ലൂർ എന്നിവർ യഥാ ക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടി. 7 പേർക്ക് പ്രോത്സാഹനസമ്മാ നവും നൽകി.

**2. കെ.സി.ബി.സി വിമൺസ് സോണൽ മീറ്റിംഗ്**

ഡിസംബർ 9-ാം കെ.സി.ബി.സി വിമൻസ് കമ്മീഷന്റെ നേതൃത്വ ത്തിൽ സംഘടിപ്പിച്ച കോട്ടയം സോണൽ മീറ്റിംഗ് പാലാ രൂപത ആതിഥ്യം വഹിച്ചു. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ കീഴിൽ പ്രവർ ത്തിക്കുന്ന വിമൺസ് സോണൽ മീറ്റിംഗ് പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. കോട്ടയം സോണിലെ 7 രൂപതകളിലെയും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ സമ്മേളനത്തിൽ സംബന്ധിച്ചു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ എല്ലാവർക്കു സ്വാഗതം ആശംസിച്ചു. കെ. സി.ബി.സി വിമൻസ് കമ്മീഷൻ സ്റ്റേറ്റ് ജനറൽ സെക്രട്ടറി ശ്രീമതി ജിബി ഗിവർഗീസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം കെ.സി.ബി.സി വിമൻസ് കമ്മീഷൻ ചെയർമാനും പാലക്കാട് രൂപതാദ്ധ്യക്ഷനുമായ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. കെ.സി.ബി.സി വിമൻസ് കമ്മീഷൻ സ്പരിചാൽ ഡയറക്ടർ റവ. ഫാ. ബിജു കല്ലിൻ

ങ്കൽ ആശംസകൾ അർപ്പിച്ചു. രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച മീറ്റിംഗിൽ 'സ്ത്രീകൾ സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് പ്രൊഫ. അലക്സ് കാവുകാട്ട് ക്ലാസ്സ് നയിച്ചു. പാലാ രൂപതയിലെ മാതൃവേദി അംഗങ്ങളായ മേരിക്കുട്ടി അഗസ്ററിൻ, ഷേർളി ചെറിയാൻ, സിജി ലൂക്ക്സൺ, സബീന സക്കറിയാസ്, മേഴ്സി മാണി, ലൗലി ബിനു, ഡയാന രാജു, ബിന്ദു ഷാജി എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**3. രൂപതസമിതി**

ഡിസംബർ 9-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പാലാ അൽഫോൻസിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മാതൃവേദി രൂപത സമിതി കൂടുകയും ഡിസംബർ മാസത്തെ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ അദ്ധ്യക്ഷനായിരുന്ന പരിപാടിയിൽ മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**4. യൂണിറ്റ് ഉദ്ഘാടനം**

ഡിസംബർ 9-ാം തീയതി രാവിലെ 8.30 ന് മാതൃവേദി വലവൂർ യൂണിറ്റ് ഉദ്ഘാടനം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നടത്തി.

**5. കരോൾ ഗാനമത്സരം**

പാലാ രൂപത മാതൃവേദി കരോൾ ഗാനമത്സരം പാലാ ളാലം പഴയപള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഡിസംബർ 9-ാം തീയതി 9.30 ന് ആരംഭിച്ച മത്സരത്തിൽ 20 ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. കൂത്താട്ടുകുളം, ഭരണങ്ങാനം, രാമപുരം എന്നീ ഫെറോനകൾ സമ്മാനർഹരായി.

**6. ക്രിസ്തുമസ്സ് ആഘോഷം**

പാലാ രൂപത മാതൃവേദി സംഘടിപ്പിച്ച ക്രിസ്തുമസ്സ് പ്രോഗ്രാമായ ഗ്ലോറിയ 2025 പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നുമായി 1700 ഓളം മാതൃവേദി അംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു.

**7. സമാപന ആഘോഷം**

മഹാജൂബിലി സമാപനത്തിന്റെ ഭാഗമായി എറണാകുളം പി.ഒ സിയിൽ സംഘടിപ്പിച്ച സമാപനാഘോഷത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ 20 പേർ പങ്കെടുത്തു.

**8. ആഘോഷം**

ഡിസംബർ 23-ാം തീയതി 10 മണിക്ക് മാതൃവേദി രൂപത എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങളും മാതൃവേദി അംഗങ്ങളും കേക്ക് മുറിച്ച് ക്രിസ്തുമസ് ആഘോഷിച്ചു

**9. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസംബർ 27 -ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി രൂപത എക്സിക്യൂട്ടീവ് പ്രസിഡന്റ് ശ്രീമതി ഷേർളി ചെറിയാന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

**D. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായിചേർന്ന് പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തെരെഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഓൺലൈൻ മീറ്റിംഗ്**

ഡിസംബർ 22-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായിയുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**3. ക്രിസ്തുമസ്സ്, ന്യൂ ഇയർ ഓഫർ**

ക്രിസ്തുമസ്സ് - ന്യൂ ഇയറിനോടുനുബന്ധിച്ച് സീറോ മലബാർ മാട്രിമണിയുടെ ഓഫർ പാക്കേജുകൾ ഡിസംബർ 10 മുതൽ 2026 ജനുവരി 10 -ാം തീയതി വരെ നിലവിലുണ്ട്.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ -7306293048

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായ പദ്ധതിയായ മംഗല്യനിധി വഴി കത്തീഡ്രൽ, മറ്റക്കര (2) ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

# കത്തോലിക്കാ കോൺഗ്രസ്

**കർഷകസംഗമവും അവാർഡ് വിതരണവും**

കത്തോലിക്കാകോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തിയ 11-ാമത് അടുക്കളത്തോട്ടമത്സരം 2025 ന്റെ വിജയികൾക്കുള്ള അവാർഡ്വിതരണവും കർഷകസംഗമവും പാലാ ളാലം പുത്തൻപള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കർഷകസംഗമം ഉദ്ഘാടനം ചെയ്ത് അവാർഡുകൾ നല്കി. രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, റ്റോമി കണ്ണീറ്റുമ്യാലിൽ, ഫാ. ജോർജ് മൂലേച്ചാലിൽ, ജോയി കണിപറമ്പിൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

**അനുമോദിച്ചു**

ത്രിതല പഞ്ചായത്തുകളിൽ വിജയം വരിച്ച കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾക്കു രൂപതാസമിതിയുടെ നേതൃത്വത്തിൽ സ്വീകരണം നല്കി. ഷലോം പാസ്റ്ററൽ സെന്ററിൽ കൂടിയ യോഗത്തിൽ എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു ഷാൾ അണിയിച്ചു. തിരഞ്ഞെടുക്കപ്പെട്ടവരെ ആദരിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

**പ്രതിഷേധദിനാചരണം**

നൈജീരിയായിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നു കൊണ്ടിരിക്കുന്ന ക്രൈസ്തവ വേട്ടയ്ക്കെതിരെ നവംബർ 30 കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതി പ്രതിഷേധദിനം ആചരിച്ചു. അന്നേദിവസം പ്രാർത്ഥനാദിനമായും ആചരിച്ചു.

**യൂണിറ്റ് വാർത്തകൾ**

**മാൻവെട്ടം**

നൈജീരിയായിലെ ക്രൈസ്തവവേട്ടയ്ക്കെതിരേ യൂണിറ്റിന്റെ നേതൃത്വത്തിൽ യോഗം നടത്തി. പ്രതിഷേധം രേഖപ്പെടുത്തുകയും പ്രാർ

ത്ഥന നടത്തുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ നേതൃത്വം നൽകി. ജോർജ് സി.എം. ആശംസാപ്രസംഗം നടത്തി.

**ഏഴാച്ചേരി**

നൈജീരിയായിലെ ക്രൈസ്തവവേട്ടയ്ക്കെതിരെ പ്രതിഷേധദിനം ആചരിച്ചു. യോഗത്തിൽ ബിനോയ് പള്ളത്ത് അധ്യക്ഷത വഹിച്ചു. ഫാ. ലൂക്കോസ് കൊട്ടുകാപ്പിള്ളി ഉദ്ഘാടനം ചെയ്തു. ബിനോയി പള്ളത്ത്, സജി പള്ളിയാരടിയിൽ, അജോ തുണുങ്കൽ തുടങ്ങിയവർ സംസാരിച്ചു.

**മാന്നാർ**

നൈജീരിയായിലെക്രൈസ്തവവേട്ടയ്ക്കെതിരേപ്രതിഷേധമാചരിച്ചു. പ്രതിഷേധദിനാചരണത്തിന് മനോജ് കടവൻകാലായിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ ഉദ്ഘാടനം ചെയ്തു. സിറിയക് താഴത്തുവീട്ടിൽ, ജെറി പനയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു.

**സിബിഗിരി**

ക്രൈസ്തവവിശ്വാസത്തിന്റെ പേരിൽ ആക്രമിക്കപ്പെടുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സഹോദരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, ആക്രമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടു നടത്തിയ യോഗം ഡയറക്ടർ ഫാ. ജോൺ പാളിത്തോട്ടം ഉദ്ഘാടനം ചെയ്തു. ജോസഫ് മറ്റത്താലാനിക്കൽ അധ്യക്ഷത വഹിച്ചു. എഡ്വിൻ പാമ്പാറ, ജോസഫ് കുന്നംകോട്ട് തുടങ്ങിയവർ സംസാരിച്ചു.

**കൊഴുവനാൽ**

നൈജീരിയായിലെ ക്രൈസ്തവവേട്ടയ്ക്കെതിരേ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയും പ്രതിഷേധയോഗവും നടത്തി. ഡയറക്ടർ ഫാ. ജോസ് നെല്ലിക്കാത്തെരുവിൽ നേതൃത്വം നൽകി. ഫാ. ജയിംസ് ആണ്ടാശ്ശേരി, വർഗീസ് തോണക്കര, ജോർജ് മണിയങ്ങാട്ട്, ബേബിച്ചൻ അഴിയാത്ത് തുടങ്ങിയവർ സംസാരിച്ചു.

**മുട്ടുചിറ**

നൈജീരിയായിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും നടക്കുന്ന ക്രൈസ്തവവേട്ടയ്ക്കെതിരേ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രതിഷേധ ധർണ്ണ നടത്തി. ബേബി പഴുക്കാത്തറ അധ്യക്ഷത വഹിച്ചു. വെരി റവ. ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. സണ്ണി ജോർജ്, തോമസ് അരുകുഴിയിൽ തുടങ്ങിയവർ സംസാരിച്ചു.

**പൂഞ്ഞാർ**

ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് വളതൂക്ക് ഡിവിഷനിൽ മത്സരിച്ചു ജയിച്ച പാലാ രൂപത യൂത്ത് കൗൺസിൽ മുഖ്യ കോർഡിനേറ്റർ ക്ലിന്റ് അരീപ്ലാക്കലിന് പൂഞ്ഞാർ

യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വീകരണം നല്കി. യൂണിറ്റ് പ്രസിഡന്റ് ജോയി കല്ലാറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഡയറക്ടർ ഫാ. തോമസ് പനയ്ക്കക്കുഴി ഉദ്ഘാടനം ചെയ്തു. സോളി ജോർജ്, ആഗസ്തി ഒഴുകയിൽ ആശംസകൾ നേർന്നു. ക്ലിന്റ് അരീപ്ലാക്കൽ സ്വീകരണത്തിനു നന്ദി രേഖപ്പെടുത്തി.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**PSWS ന്റെ നേതൃത്വത്തിൽ പ്രത്യാശയുടെ കവാടം സന്ദർശിച്ചു ദിവ്യബലി അർപ്പിച്ചു**

ഈശോയുടെ തിരുപ്പിറവിയുടെ 2025-ാം വർഷത്തിന്റെ പ്രത്യാശയുടെ ജൂബിലി സാർവത്രികസഭയിൽ ആചരിക്കുന്നതിന്റെ ഭാഗമായി പാലാ രൂപതാതലത്തിലുള്ള 'പ്രത്യാശയുടെ കവാടം' കടന്ന് ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടനപ്പള്ളിയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സ്റ്റാഫ് അംഗങ്ങൾ, സോൺ പ്രൊമോഷൻ കൗൺസിൽ, പ്രമോട്ടർമാർ, സ്വാശ്രയസംഘങ്ങൾ, കർഷകദള ഫെഡറേഷൻ, എസ്.എച്ച്.ജി, ദളങ്ങൾ തുടങ്ങി അനുബന്ധഘടകങ്ങളിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന അംഗങ്ങൾ രാവിലെ 11 മണിക്ക് ആരാധയും 11.30 ന് വി. കുർബാനയും അർപ്പിച്ചു പ്രാർത്ഥിച്ചു.

**വിദേശ ഫലവൃക്ഷങ്ങളുടെ (റംബൂട്ടാൻ, അവക്കാഡോ, ഡ്രാഗൺ ഫ്രൂട്ട്, മങ്കോസ്റ്റീൻ) വാണിജ്യകൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്കായി ഏകദിനശില്പശാല നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന സംയോജിത കൃഷിവികസനപദ്ധതിയുടെ ഭാഗമായി പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡിസംബർ 17 ബുധൻ രാവിലെ 9.30 മുതൽ വൈകിട്ട് 3 മണി വരെ കാർഷികസംരംഭകത്വശില്പശാല സംഘടിപ്പിച്ചു. വിദേശഫലവൃക്ഷവിളകളുടെ വാണിജ്യകൃഷിയിൽ സജീവമായി പ്രവർത്തിക്കുന്ന നൂറു കർഷകർ വർക്ക്ഷോപ്പിൽ പങ്കെടുത്തു. അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡിസംബർ 17-ാം തീയതി ബുധനാഴ്ച നടന്ന സമ്മേളനം അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു. ജില്ലാ കൃഷി ഓഫീസർ ജോ ജോസ് സി മുഖ്യാതിഥിയായിരുന്നു. നബാർഡ് ഡപ്യൂട്ടി ജനറൽ മാനേജർ റെജി വർഗീസ്, മുഖ്യപ്രഭാഷണം നടത്തി. വിദേശ ഫലവൃക്ഷങ്ങളുടെ ശാസ്ത്രീയകൃഷിയും പരിചരണമാർഗ്ഗങ്ങളും സംബന്ധിച്ച്

കൃഷി വിജ്ഞാനകേന്ദ്രം കൊല്ലം അസി. പ്രൊഫ. ഡോ. സരോജ് കുമാർ, വിദേശപഴവർഗ്ഗങ്ങളുടെ മാർക്കറ്റിങ് മേഖലയിൽ തൊടുപുഴ ഫ്രൂട്ട് വാലി എഫ്.പി.ഒ. നടത്തിയ ഇടപെടലുകളെ സംബന്ധിച്ച് ജനറൽ മാനേജർ ബിനു ബേബി, കേരളാ സ്റ്റാർട്ട് അപ് മിഷന്റെ അഗ്രിനെക്സറ്റ് പ്രോജക്ടിനെക്കുറിച്ച് ടെക്നിക്കൽ ഓഫീസർ ശ്രീമതി ശ്രീബാല അജിത്, കേരള സ്റ്റാർട്ടപ് മിഷൻ ലോകബാങ്ക് സഹായത്തോടെ എഫ്.പി.ഒ. മേഖലയിൽ നടപ്പാക്കുന്ന കേരപ്രോജക്ടിനെ സംബന്ധിച്ച് ശ്രീമതി കൃഷിവകുപ്പ് ഡപ്യൂട്ടി ഡയറക്ടർ സിന്ദു കെ മാത്യു തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. PSWS അസി. ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തു വരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, പ്രോജക്ട് ഓഫീസർമാരായ പി.വി. ജോർജ്, ഷീബാ ബെന്നി, ടോണി സണ്ണി, ക്ലാരിസ് ചെറിയാൻ, സോണൽ കോ-ഓർഡിനേറ്റർമാരായ സൗമ്യ ജെയിംസ്, ജിജി സിന്റോ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**പാലാ സാൻതോം ഫുഡ് ഫാക്ടറി**

പാലാ രൂപത മുൻ സഹായമെത്രാൻ ബിഷപ് മാർ ജേക്കബ് മുരിക്കൻ രൂപതയുടെ കാർഷികോന്നമനത്തിന്റെ മുഖമായ പാലാ സാൻതോം ഫുഡ് ഫാക്ടറി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**കോഴിയും കൂടും സുസ്ഥിര കോഴിവളർത്തൽ പദ്ധതി ഉദ്ഘാടനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി 'കോഴിയും കൂടും' എന്ന പേരിൽ ആവിഷ്കരിച്ച സുസ്ഥിര കോഴിവളർത്തൽ പദ്ധതിയുടെ ഉദ്ഘാടനം പി.എസ് ഡബ്ലിയു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. പാലാ സാൻതോം ഫുഡ് ഫാക്ടറി അങ്കണത്തിൽ നടന്ന ചടങ്ങിൽ PSWS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, CMC മദർ പ്രൊവിൻഷ്യൽ സി. സിജി CMC, സോഷ്യൽ വർക്ക് കോഓർഡിനേറ്റർ സി. ജസ്ലിൻ CMC, സാൻതോം ഫുഡ് ഫാക്ടറി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. CMC പ്രൊവിൻസിന്റെ സഹകരണത്തോടെ 75 വീടുകൾക്കുള്ള കോഴിക്കുഞ്ഞുങ്ങളുടെയും കോഴിക്കൂടിന്റെയും വിതരണം നടന്നു.

**പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ബാങ്ക് ഓഫ് ബറോഡയുടെ സഹകരണത്തോടെ നടപ്പാക്കുന്ന ബറോഡ ബാങ്ക് കിസാൻ പഖ്വാഡ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്വയംസഹായസംഘങ്ങൾക്കും കർഷക ദളങ്ങൾക്കും ചെറുകിടതൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനായി നാമമാത്ര പലിശയോടുകൂടിയ എഴുപത്തിയൊമ്പതു ലക്ഷം രൂപ മൂലമറ്റം സോണിലെ പത്തു ഗ്രൂപ്പുകൾക്കായും, പത്തു ലക്ഷം രൂപാ വീതം അരുവിത്തുറ

സോണിലെ അഞ്ചു ഗ്രൂപ്പുകൾക്കായും വിതരണം ചെയ്തു. സ്വയം സഹായ സംഘ-സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് - എസ്. എച്ച് ജി-അംഗങ്ങൾക്കും കർഷകദളങ്ങളിലെ മെമ്പർമാർക്കും ഈ വായ്പ പ്രയോജനപ്പെടുത്താവുന്നതാണ്.

**ലീഡേഴ്സ് മീറ്റ് 2025**

**1.** അരുവിത്തുറ റീജിയൺ: പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ റീജിയന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെയും കർഷകദളഫെഡറേഷനുകളുടെയും ഭാരവാഹികൾക്കായി സംഘടിപ്പിച്ച നേതൃത്വശില്പശാല അരുവിത്തുറ സെന്റ് ജോർജ് ഫൊറോന പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. സോണൽ ഡയറക്ടർ ഫാ. ഗോഡ്സൺ ചെങ്ങഴശ്ശേരി അധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ പി.എസ്.ഡബ്ല്യു.എസിന്റെ ഡയറക്ടറും രൂപതയുടെ ഫാർമേഴ്സ് മൂവ്മെന്റ് കോർഡിനേറ്ററും കുടിയായ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നിർവഹിച്ചു. ഡോ. അലക്സ് കാവുകാട്ട്, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, സിബി മാത്യു കണിയാംപടി തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. അരുവിത്തുറ റീജിയണിന്റെ ഭാഗമായ കൂട്ടിക്കൽ, പൂഞ്ഞാർ, തീക്കോയി, അരുവിത്തുറ ഫൊറോനകളിൽ നിന്നുള്ള സംഘാംഗങ്ങളാണ് പരിപാടിയിൽ പങ്കെടുത്തത്. സോണൽ കോർഡിനേറ്റർമാരായ സെലിൻ ജോർജ്, ജെസി മാത്യു, സിബി മാത്യു, ശാന്തമ്മ ജോസഫ്, സെഞ്ചു ജേക്കബ്, ക്ലാരിസ് ചെറിയാൻ, ടോണി സണ്ണി തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**2. മുട്ടുചിറ റീജിയൺ:** പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ മുട്ടുചിറ റീജിയണിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെയും കർഷകദള ഫെഡറേഷനുകളുടെയും ഭാരവാഹികൾക്കായി സംഘടിപ്പിച്ച നേതൃത്വശില്പശാല മുട്ടുചിറ ഹോളി ഹോസ്റ്റ് ഫൊറാനാപള്ളി വികാരി ഫാ. അബ്രഹാം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസിന്റെ ഡയറക്ടറും രൂപതയുടെ ഫാർമേഴ്സ് മൂവ്മെന്റ് കോർഡിനേറ്ററുംകൂടിയായ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ, സോണൽ ഡയറക്ടർ ഫാ. ആന്റണി ഞരളക്കാട്ട് മുഖ്യപ്രഭാഷണം നിർവഹിച്ചു. ഡോ. അലകസ് കാവുകാട്ട്, ഫാ. തോമസ് കിഴക്കേൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. ട്രെയിനിങ്ങിൽ വച്ച് സ്പന്ദൻ അവാർഡിനർഹനായ P.S.W.S ഡയറക്ടർ തോമസ് കിഴക്കേലച്ചനെ കൺവീനർമാർ ചേർന്ന് ആദരിച്ചു. കോർഡിനേറ്റർമാർ, പഞ്ചായത്തുതിരഞ്ഞെടുപ്പിൽ വിജയിച്ചവരെയും ആദരിച്ചു. മുട്ടുചിറ റീജിയണിന്റെ ഭാഗമായ ഇലഞ്ഞി, കടുത്തുരുത്തി, കോതനല്ലൂർ, കുറവിലങ്ങാട്, മുട്ടുചിറ ഫൊറോനകളിൽ നിന്നുള്ള സംഘാംഗങ്ങളാണ് പരിപാടിയിൽ പങ്കെടുത്തത്. സോണൽ

കോർഡിനേറ്റർമാരായ ഷിജി മാത്യു, ഷൈനി ജിജി, ലിജി ജോൺ, ക്ലാരിസ് ചെറിയാൻ, ടോണി സണ്ണി തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**സേവ് എ ഫാമിലി പ്ലാൻ പദ്ധതി: ക്ലസ്റ്റർ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു**

ദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങളെ സാമ്പത്തികസഹായത്തിലൂടെ സ്വയംപര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വഴി നടപ്പിലാക്കിവരുന്ന സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ ഭാഗമായി ഉൾപ്പെട്ടിരിക്കുന്ന 256 കുടുംബങ്ങൾക്കായി ക്ലസ്റ്റർ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. 2026 മാർച്ചിൽ നടത്താൻ ഉദ്ദേശിക്കുന്ന ഫണ്ട് ട്രാൻസ്ഫറിനു മുന്നോടിയായാണ് ഈ മീറ്റിങ്ങുകൾ ക്രമീകരിച്ചത്. തീക്കോയി, രാമപുരം, പൂഞ്ഞാർ, അരുവിത്തുറ, കുറവിലങ്ങാട്, മൂലമറ്റം തുടങ്ങിയ വിവിധ ഫൊറോനാപ്പള്ളികളിൽ വിവിധ ദിവസങ്ങളിലായാണ് മീറ്റിങ് സംഘടിപ്പിച്ചത്. പദ്ധതിയുടെ അടുത്ത ഘട്ടത്തിലേക്കുള്ള പ്രവർത്തനങ്ങളെക്കുറിച്ചു കുടുംബങ്ങൾക്കു വ്യക്തമായ ധാരണ നൽകുക എന്നതായിരുന്നു ഈ മീറ്റിങ്ങുകളുടെ പ്രധാന ലക്ഷ്യം. ക്ലസ്റ്റർ മീറ്റിങ്ങുകളിൽ പ്രോജക്റ്റ് ഓഫീസറും സോണൽ കോർഡിനേറ്റർമാരും ചേർന്ന് വരാനിരിക്കുന്ന പ്ലാനിങ് നടപടികൾ വിശദീകരിക്കുകയും പദ്ധതിയുടെ നടപ്പിലാക്കൽ രീതി, ഫണ്ട് ഉപയോഗിക്കുന്ന മാർഗങ്ങൾ, ആവശ്യമായ രേഖകൾ, സമയക്രമം എന്നിവയെക്കുറിച്ചു കുടുംബങ്ങൾക്കു വ്യക്തമായ നിർദേശങ്ങൾ നൽകുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു. ഇതിലൂടെ പങ്കെടുത്ത കുടുംബങ്ങൾക്കു പദ്ധതിയുടെ ലക്ഷ്യങ്ങളും വരാനിരിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വ്യക്തത കൈവരിക്കുകയും, പദ്ധതിയുടെ ഫലപ്രദമായ നടപ്പിലാക്കലിന് ആവശ്യമായ ഏകോപനം കൂടുതൽ ശക്തിപ്പെടുകയും ചെയ്തു.

**എഫ് പി ഒ കൾക്ക് പഠനയാത്ര സംഘടിപ്പിച്ചു**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്യത്തിൽ നബാർഡ്, എൻസിഡിസി, എസ്എഫ് എസി തുടങ്ങിയ ഗവ. ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്ന കർഷക ഉത്പാദകസംഘടനകളുടെ (FPO) കാര്യശേഷി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ തിരുവനന്തപുരം കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷികകോളജിലെ ഇൻകുബേഷൻ സെന്ററിലേക്കു പഠനയാത്ര സംഘടിപ്പിച്ചു. PSWS പ്രൊമോട്ട് ചെയ്യുന്ന കാഞ്ഞിരമറ്റം, പാലാ ഹരിതം, ഫാത്തിമാപുരം, പാലാ സാൻതോം, ഈരാറ്റുപേട്ട, വൈക്കം, പള്ളം എന്നീ എഫ്.പി.ഓ.കളുടെ പ്രതിനിധികളായി ചെയർമാൻ/ഡയറക്ടർ, ബോർഡംഗങ്ങൾ, CEO എന്നിവർ പഠനയാത്രയിൽ പങ്കെടുത്തു. കൂടാതെ നബാർഡിന്റെ സഹായത്തോടെ വെള്ളായണി കാർഷിക കോളജ് നടപ്പാക്കുന്ന കെ അഗ് ടെക് ലോഞ്ച് പാട് സംബന്ധിച്ച സെമിനാറിലും പങ്കെടുത്തു. കർഷക ഉത്പാദക സംഘടനകൾക്ക് മൂല്യവർധിതസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതി

സഹായം കെ അഗ് ടെക് ലോഞ്ച് പാടിൽ നിന്നു ലഭ്യമാണ്. പ്രോജക്ട് ഓഫീസർമാരായ പി.വി. ജോർജ് പുരയിടം, ഷീബ ബെന്നി എന്നിവർ പരിപാടികൾക്കു നേതൃത്വം കൊടുത്തു

**കോഴിക്കുഞ്ഞുങ്ങളുടെയും, മുട്ടത്താറാവുകളുടെയും ടർക്കിക്കോഴികളുടെയും വിതരണം**

സ്റ്റീൽ ഇന്ത്യ മുണ്ടുപാലം ക്യാമ്പസ് പാലായിൽവച്ച് ഉയർന്ന ഇനം BV380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴിക്കുഞ്ഞുങ്ങൾ, മുട്ടത്താറാവ്, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു.

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതിപ്രകാരം ഫ്രിഡ്ജ്, വാഷിംങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ എന്നിവയുടെ വിതരണം വിവിധ സോണൽ തലത്തിൽ നടത്തിവരുന്നു. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ പദ്ധതി വളരെ സഹായമായി.

**അവലോകനയോഗങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായസംഘങ്ങളുടെ അവലോകന മീറ്റിങ്ങുകൾ ഇടവക തലത്തിൽ നടത്തപ്പെട്ടു. അവലോകനമീറ്റിങ്ങിൽ വിവിധ സോണുകളുടെ അടിസ്ഥാനത്തിൽ ഇടവകതലത്തിൽ ക്രിസ്മസ് ആഘോഷങ്ങൾ നടത്തപ്പെട്ടു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷിസംബന്ധമായ ക്ലാസുകൾ എന്നിവയും നടന്നു. മീറ്റിങ്ങിൽ പഞ്ചായത്തുതിരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങളെ ആദരിച്ചു.

**വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങളുടെ ഇടവക, ഫൊറോനാതലത്തിലുള്ള വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു. വാർഷികാഘോഷങ്ങളോടനുബന്ധിച്ചു വിവിധ ഫൊറോന, ഇടവകതലങ്ങളിൽ ക്രിസ്മസ് ആഘോഷങ്ങളും വിവിധ മത്സരങ്ങളും നടത്തപ്പെട്ടു. മീറ്റിങ്ങിൽ പഞ്ചായത്തുതിരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങളെ ആദരിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**DCMS യൂണിറ്റ് തിരഞ്ഞെടുപ്പ്**

2026-29 വർഷത്തേക്കുള്ള ഡിസിഎംഎസ് യൂണിറ്റുതല തിരഞ്ഞെടുപ്പ് രൂപതയിൽ വിവിധ ഇടവകകളിൽ പൂർത്തിയായി. പാലാ കത്തീഡ്രൽ, അരുണാപുരം, കുടക്കച്ചിറ, നെല്ലിയാനി, വലവൂർ, അരുവിത്തുറ, മണിയം

കുളം, തിടനാട്, വകക്കാട്, ചേർപ്പുങ്കൽ, മുത്തോലി, പാദുവ, ഇലഞ്ഞി, ജോസ്ഗിരി, മരങ്ങോലി, മുത്തോലപുരം, പിറവം, സേവ്യർപുരം, കടനാട്, ഐങ്കൊമ്പ്, ജിയോവാലി, കാവുകണ്ടം, മാനത്തൂർ, പിഴക്, കുറുമണ്ണ്, കടപ്ലാമറ്റം, മംഗളാരാം, പാളയം, കൂത്താട്ടുകുളം, ഉദയഗിരി, പെരിയപ്പുറം, കോതനല്ലൂർ, മണ്ണാറപ്പാറ, മാൻവെട്ടം, കൊഴുവനാൽ, മണലുങ്കൽ, മൂഴൂർ, കാഞ്ഞിരമറ്റം, അൽഫോൻസാഗിരി, മഞ്ഞാമറ്റം, കരിമ്പാനി, കുറവിലങ്ങാട്, കാളികാവ്, കുറിച്ചിത്താനം, വാക്കാട്, മോനിപ്പള്ളി, മൂലമറ്റം, അറക്കുളം ന്യൂ, കുടയത്തൂർ, വെള്ളിയാമറ്റം, മുട്ടുചിറ, കാഞ്ഞിരത്താനം, മലപ്പുറം, ജയ്ഗിരി, പൂഞ്ഞാർ, കൈപ്പള്ളി, കുന്നോന്നി, പ്രവിത്താനം, ഉള്ളനാട്, രാമപുരം, എഴാച്ചേരി, കരൂർ, കൊണ്ടാട്, നീറന്താനം, കുറിഞ്ഞി, തീക്കോയി, അയ്യമ്പാറ, തുടങ്ങനാട്, നീലൂർ എന്നീ ഇടവകകളിലാണ് യൂണിറ്റ് തിരഞ്ഞെടുപ്പ് പൂർത്തിയായത്.

**ഫൊറോനാ തിരഞ്ഞെടുപ്പ്**

2026-29 വർഷത്തേക്കുള്ള ഡിസിഎംസ് ഫൊറോനാതിരഞ്ഞെടുപ്പ് 2026 ഡിസംബർ 28 മുതൽ 2026 ജനുവരി 11 വരെ വിവിധ ഫൊറോനകളിൽ നടക്കും.

**DCMS സ്കോളർഷിപ്പ് വിതരണം**

2024-25 വർഷത്തെ ഡിസിഎംഎസ് സ്കോളർഷിപ്പ് ഷലോംപാസ്റ്ററൽ സെന്ററിൽ വച്ചു രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് നിർവഹിക്കുകയുണ്ടായി. SSLC, PLUS 2, ഡിഗ്രി, കോഴ്സുകളിൽ ഉന്നതവിജയം നേടിയ നൂറോളം വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരായി.

**DCMS സംഘടന തിരഞ്ഞെടുപ്പ് 2026-29**

KCBC SC/ST/BC കമ്മീഷന്റെ നിർദേശപ്രകാരം DCMS സംഘടനയുടെ 2026-2029 വർഷങ്ങളിലേക്കുള്ള യൂണിറ്റ്, ഫൊറോന, രൂപത, സംസ്ഥാന തല തിരഞ്ഞെടുപ്പ് 2025 ഡിസംബർ മുതൽ 2026 മാർച്ച് വരെ നടത്തപ്പെടുകയാണ്. നമ്മുടെ രൂപതയിൽ യൂണിറ്റ് തലത്തിലുള്ള തിരഞ്ഞെടുപ്പ് 2025 ഡിസംബർ 7,14 എന്നീ ഞായറാഴ്ചകളിലാണ് നടത്തുന്നത്. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നിർദേശാനുസരണം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്തച്ചനാണ് മുഖ്യവരണാധികാരിയായി പ്രവർത്തിക്കുന്നത്.

യൂണിറ്റ് ഇലക്ഷൻ - ഡിസംബർ 7- 14
ഫൊറോന ഇലക്ഷൻ - ഡിസംബർ 28 - ജനുവരി 4
രൂപത ഇലക്ഷൻ - ജനുവരി 25

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)
**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

**എക്സിക്യൂട്ടീവ്**

4/12/2025 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

**കിറ്റുവിതരണം**

കെയർ ഹോംസ്സ്കൂളുകൾക്ക് കെ.സി.എസ്.എൽ വഴി ലഭിച്ച കിറ്റുകൾ വിതരണം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുകയും 6–ാം തീയതി 64 ഹോമുകൾക്കായി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

**വിതരണോദ്ഘാടനം**

കെ.സി.എസ്.എൽ ന്റെ നേതൃത്വത്തിൽ സ്കൂളുകളിൽനിന്നു ശേഖരിച്ച നിത്യോപയോഗസാധനങ്ങളുടെ വിതരണോദ്ഘാടനം 6/12/2025 ശനിയാഴ്ച ഷലോം പാസ്റ്ററൽ സെൻററിൽ വച്ച് നടത്തുന്നതിനായി കൂടിയ മീറ്റിങ്ങിൽ ഫാ. തോമസ് പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. ജോർജ് പുല്ലുകാലായിൽ ഉദ്ഘാടനം നടത്തി. ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം കൃതജ്ഞത അർപ്പിച്ചു സംസാരിച്ചു.

**മെഡിസിറ്റി കെയർ ഹോംസ് പ്രോജക്ട്**

മെഡിസിറ്റി കെയർ ഹോംസ് പ്രോജക്ടിന്റെ ഭാഗമായി നടന്നുവരുന്ന പ്രവർത്തങ്ങൾ ഏഴു സ്കൂളുകളിൽ നടക്കുകയുണ്ടായി.

**ക്രിസ്മസ് ആഘോഷം**

6–ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കെയർ ഹോംസ് ക്രിസ്മസ് ആഘോഷം നടത്തി. ക്രിസ്മസ് കേക്ക് മുറിക്കുകയും ആഘോഷങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകുകയും ചെയ്തു. കെയർ ഹോംസ് ഭാരവാഹികളും മറ്റ് അംഗങ്ങളും പങ്കെടുത്തു.

**ഡി.സി.എം.ആർ**

പുലിയന്നൂർ ഡി.സി.എം.ആർ സ്പെഷ്യൽ സ്കൂളിൽ വച്ചു നടത്തിയ ക്രിസ്മസ് ആഘോഷത്തിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**എക്സിക്യൂട്ടീവ് മീറ്റിങ്**

12/12/2025 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടി മീറ്റിങ് നടത്തി.

**തീരുമാനം**

15–ാം തീയതി ഭരണങ്ങാനത്തുപോകുന്നതിനു തീരുമാനിച്ചു.

**പ്രത്യാശയുടെ കവാടം**

ഭരണങ്ങാനത്ത് 'പ്രത്യാശയുടെ കവാടം' തുറന്നതിന്റെ ഭാഗമായി 15-ാം തീയതി തിങ്കളാഴ്ച അസംഘടിതതൊഴിലാളികൾക്കായി ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ആരാധനയും കുർബാനയും അർപ്പിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങളും മറ്റ് അംഗങ്ങളും പങ്കെടുത്തു.

**ക്ഷേമനിധി**

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

**വിവിധ ക്ഷേമനിധികൾ**

അസംഘടിത തൊഴിലാളി ക്ഷേമനിധി

തയ്യൽ ക്ഷേമനിധി

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

സുരക്ഷാക്ഷേമനിധി

Contact No: 8304981275

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിംഗ്)**

ഡിസംബർ 7,14,21,28 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഡിസംബർ 14-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

**ബോധവൽക്കരണക്യാമ്പ്**

15 ദിവസക്യാമ്പ് നടന്ന NISD & SLCA യും സംയുക്തമായി ചങ്ങനാശ്ശേരി പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തിയ സ്റ്റേറ്റ് ലെവൽ ട്രെയിനിങ് പ്രോഗ്രാമിന് അഡാർട്ട് പ്രൊജക്റ്റ് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. അഡാർട്ട് സീനിയർ കൗൺസിലർ ജോയി കെ. മാത്യു ക്യാമ്പിൽ പങ്കെടുത്തു.

**ഭവനസന്ദർശനം**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ചേർന്ന് അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ മൂലമറ്റം, തൊടുപുഴ ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനം സന്ദർശിച്ചു.

**ഷോർട്ട് ഫിലിം പ്രകാശനം**

പാലാ അഡാർട്ടിൽ വച്ച് വെള്ളിലാപ്പിള്ളി സെൻറ് ജോസഫ്സ് യു.പി. സ്കൂൾ കുട്ടികളും അധ്യാപകരും ചേർന്ന് ലഹരിവിരുദ്ധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു തയ്യാറാക്കിയ 'എൻജോയ്' എന്ന ഷോർട്ട് ഫിലിമിന്റെ പ്രകാശനം പാലാ അഡാർട്ട് ഡയറക്ടർ റവ.ഫാ.ജെയിംസ് പൊരുന്നോലിൽ നിർവഹിച്ചു. സ്കൂളിൽ ഒരു മാസക്കാലത്തോളം നീണ്ടുനിന്ന 'ലഹരിവിരുദ്ധ മഹായജ്ഞം' എന്ന ലഹരിവിരുദ്ധപ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഷോർട്ട് ഫിലിം അധ്യാപകരും വിദ്യാർത്ഥികളും മാതാപിതാക്കളും ചേർന്നാണ് തയ്യാറാക്കിയിരിക്കുന്നത്. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ഡോണ എസ്.എച്ച്ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഷോർട്ട് ഫിലിമിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത് അധ്യാപകനായ സുജിത്ത് തോമസ് ആണ്.

**അധ്യാപക മെഗാക്യാമ്പ് - അഡാർട്ട് ക്ലബ്**

പാലാ രൂപത എജ്യുക്കേഷണൽ കോർപ്പറേറ്റിന്റെ കീഴിലുള്ള എല്ലാ അധ്യാപകർക്കുംവേണ്ടി നടത്തിയ മെഗാ ക്യാമ്പിൽ അഡാർട്ട് ക്ലബ്ബിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, സീനിയർ കൗൺസിലർ ജോയി കെ. മാത്യു തുടങ്ങിയവർ പങ്കെടുത്തു. 2025-26 പ്രവർത്തനവർഷത്തെ മികച്ച അഡാർട്ട് ക്ലബ്ബ് പ്രവർത്തനങ്ങൾ നടത്തിയ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂളുകൾക്ക് സമ്മാനവിതരണവും നടത്തി.

**ക്രിസ്മസ് ആഘോഷം**

ഡിസംബർ 20-ാം തീയതി പാലാ അഡാർട്ടിൽ ക്രിസ്മസ് ആഘോഷിച്ചു. എ.എ അംഗങ്ങൾ, അൽ അനോൺ അംഗങ്ങൾ, സ്റ്റാഫ് തുടങ്ങിയവർ ആഘോഷത്തിൽ പങ്കെടുത്തു. കേക്കുവിതരണം, ഉണ്ണിക്കുറി മത്സരം, വിവിധതരം കലാപരിപാടികൾ എന്നിവ അഡാർട്ടിൽ വച്ച് നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2026 ന്റെ പഠനഭാഗം:

റൂത്ത് 1-4, സഭാപ്രസംഗകൻ 1- 6

വി. യോഹന്നാൻ 1 - 12, ഗലാത്തിയ 1-6

1 സാമുവൽ 1-7

പരീക്ഷാത്തീയതി : 2026 സെപ്റ്റംബർ 27

രജിസ്ട്രേഷൻ ആരംഭിക്കുന്നത്: 2026 ജൂൺ 1

ഒരുക്കങ്ങൾ നേരത്തേ ആരംഭിക്കുമല്ലോ.

**ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് 2026 ന്റെ പഠനസഹായിയുടെ കോപ്പികൾ ജനുവരി 20 മുതൽ ലഭ്യമാണ്.

**ബൈബിൾ ക്ലാസ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ അടുത്ത ക്ലാസ് 2026 ജനുവരി 10 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടക്കും.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** പാലാരൂപത 43-ാമത് ബൈബിൾ കൺവൻഷന്റെ പന്തൽ കാൽ നാട്ടുകർമ്മം 1/12/2025 തിങ്കളാഴ്ച 4:00 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**2.** പാലാ രൂപത ബൈബിൾ കൺവെൻഷനൊരുക്കമായുള്ള ജെറിക്കോ പ്രാർത്ഥനയ്ക്ക് 1/12/2025 ന് ആരംഭിച്ചു. ഡിസംബർ 01 മുതൽ 18 വരെ നീണ്ടുനിന്ന ഈ ആത്മീയയജ്ഞത്തിന് രൂപതയിലെ വിവിധ ഫൊറോനകളിലെ ഇടവക പ്രാർത്ഥനാഗ്രൂപ്പുകളാണ് നേതൃത്വം നൽകിയത്.

ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തിൽ, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, മാത്തുക്കുട്ടി താന്നിക്കൽ, ബിനു വാഴേപ്പറമ്പിൽ, ജോസ് ഇടയോടിൽ എന്നിവർ നേതൃത്വം കൊടുത്ത ശുശ്രൂഷയിൽ രൂപതയിലെ കരിസ്മാറ്റിക് ശുശ്രൂഷകർ, വിവിധ സന്ന്യാസസഭകളിലെ സിസ്റ്റേഴ്സ്, അല്മായസഹോദരങ്ങൾ എന്നിവർ പങ്കെടുത്തു.

3. 07/12/2025 ന് പാലാ രൂപത ബൈബിൾ കൺവെൻഷനൊരുക്കമായുള്ള വോളണ്ടിയേഴ്സിന്റെ ഒരുക്കധ്യാനം അരുണാപുരം സെന്റ് തോമസ് ദേവാലയത്തിൽവച്ചു നടന്നു. വികാരിജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അണക്കര ധ്യാനകേന്ദ്രം അംഗങ്ങൾ ഒരുക്കശുശ്രുഷകൾ നടത്തി.

4. 12/12/2025 ന് 43-ാമത് പാലാ രൂപത ബൈബിൾ കൺവെൻഷന്റെ ക്രമീകരണങ്ങൾ വിലയിരുത്താനായി പാലാ ആർ.ഡി.ഒ ജോസുകുട്ടി കെ. എം. ന്റെ അധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥതല അവലോകനയോഗം ചേർന്നു. ആർഡിഒ ചേംബറിൽ നടന്ന യോഗത്തിൽ ബഹുമാനപ്പെട്ട എം. എൽ.എ. മാണി.സി.കാപ്പൻ, പൊലീസ്, ഫയർഫോഴ്സ്, ട്രാഫിക്, കെ. എസ്.ഇ.ബി, ഹെൽത്ത് തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഡിവൈഎസ്പി കെ.സദൻ, പാലാ രൂപത ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ.

ജോസഫ് അരിമറ്റത്ത്, പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ജോസഫ് ജോസഫ്, കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എൻജിനീയർ ബിബിൻ ജി.എസ്, പാലാ ട്രാഫിക് പൊലീസ് എ.എസ്.ഐ. അജേഷ്കുമാർ, ജോയിന്റ് ആർ.ടി.ഒ. സന്തോഷ്കുമാർ കെ.ജി, WECO പാലാ റേഞ്ച് ഓഫീസർ സുജാത സിബി, ഗവൺമെന്റ് ഹോസ്പിറ്റൽ പി.എച്ച്.എൻ. ഇന്ദുകുമാരി, ജോർജുകുട്ടി ഞാവള്ളിൽ, തോമസ് പി.ജെ. പാറയിൽ, പോൾസൺ പൊരിയത്ത് തുടങ്ങിയവർ പങ്കെടുത്തു.

**5.** പാലാ രൂപത 43-ാമത് ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം 19/12/2025 ൽ അഭിവന്ദ്യ കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി (മേജർ ആർച്ചുബിഷപ് എമിരിറ്റൂസ് സീറോ മലബാർ സഭ) നിർവഹിച്ചു. ധ്യാനത്തിനൊരുക്കമായുള്ള ബൈബിൾപ്രതിഷ്ഠ അരുണാപുരം സെന്റ് തോമസ് പള്ളി വികാരി റവ. ഫാ. എബ്രഹാം കുപ്പപുഴയ്ക്കൽ നിർവഹിച്ചു. ബൈബിൾകൺവെൻഷൻ കൺവീനർ ഫാ. ജോസഫ് അരിമറ്റത്ത് സ്വാഗതമാശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റവ. ഫാ. ഡൊമിനിക് വാളന്മനാൽ (ഡയറക്ടർ, മരിയൻ ധ്യാനകേന്ദ്രം, അണക്കര), പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. ജോസഫ് കണിയോടിക്കൽ ഫാ. ആൽബിൻ പുതുപ്പറമ്പിൽ (വോളണ്ടിയേഴ്സ് ചെയർമാൻ), ഫാ. എബ്രഹാം കുപ്പപുഴയ്ക്കൽ (വികാരി, സെന്റ് തോമസ് ചർച്ച്, അരുണാപുരം), ഡോ. സിബി ജെയിംസ് (പ്രിൻസിപ്പൽ, സെന്റ് തോമസ് കോളജ്), ഫാ. മാത്യു ആലപ്പാട്ടുമേടയിൽ (ബർസാർ, സെന്റ് തോമസ് കോളജ്), ഫാ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ (വൈസ് പ്രിൻസിപ്പൽ, സെന്റ് തോമസ് കോളജ്), ഫാ. ജോസഫ് മുത്തനാട്ട് (ഫൈനാൻസ് ഓഫീസർ, പാലാ രൂപത), ഫാ. ജോസഫ് കുറ്റിയാങ്കൽ (ചാൻസലർ, പാലാ രൂപത), ഫാ. ജോസ് കാക്കല്ലിൽ (കത്തീഡ്രൽ വികാരി), ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (ഡയറക്ടർ, ഷലോം പാസ്റ്ററൽ സെന്റർ), സിസ്റ്റർ ആൻ ജോസ് എസ്. എച്ച് (ആനിമേറ്റർ, രൂപത കരിസ്മാറ്റിക് ടീം), ജോർജുകുട്ടി ഞാവള്ളിൽ (കോ-ഓർഡിനേറ്റർ, ഇവാഞ്ചലൈസേഷൻ പാലാ രൂപത), സണ്ണി പള്ളിവാതുക്കൽ (സെക്രട്ടറി, ഇവാഞ്ചലൈസേഷൻ പാലാ രൂപത), മാത്തുക്കുട്ടി താന്നിക്കൽ (കോ-ഓർഡിനേറ്റർ, കരിസ്മാറ്റിക് പാലാ രൂപത), ബിനു വാഴേപ്പറമ്പിൽ (സെക്രട്ടറി, കരിസ്മാറ്റിക് പാലാ രൂപത), ഷിജു അഗസ്റ്റിൻ (വോളന്റിയേഴ്സ് നേതൃത്വം), സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ (കുടുംബക്കൂട്ടായ്മ കോ-ഓർഡിനേറ്റർ, പാലാ രൂപത) എന്നിവർ പങ്കെടുത്തു.

**6.** 20/12/2025 ബൈബിൾ കൺവെൻഷന്റെ രണ്ടാംദിനം 3.30 ന് ജപമാലയോടെ ആരംഭിച്ചു. തുടർന്ന് 4 മണിക്ക് ചിക്കാഗോ സീറോ മല

ബാർ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയിൽ മോൺ. ജോസഫ് കണിയോടിക്കൽ, രൂപതയുടെ ഫൈനാൻസ് ഓഫീസർ വെരി. റവ.ഡോ.ജോസഫ് മുത്തനാട്ട്, റവ.ഫാ. ജോർജ്ജ് പുല്ലുകാലായിൽ, ഫാ. ആൽവിൻ ഏറ്റുമാനൂക്കാരൻ എന്നിവർ സഹകാർമ്മികരായി.

**7.** 21/12/2025 ബൈബിൾ കൺവൻഷൻ മൂന്നാംദിനം. ഉച്ചകഴിഞ്ഞ് 3.30 ന് ജപമാല, നാലിന് വിശുദ്ധ കുർബാനയ്ക്ക് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. റവ.ഫാ.എബ്രഹാം കുപ്പപുഴയ്ക്കൽ, റവ. ഫാ. സിറിയക് തടത്തിൽ, റവ.ഫാ. കുര്യൻ മുക്കാംകുഴിയിൽ, റവ. ഫാ. ജോസഫ് നരിതൂക്കിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

**8.** 23/12/2025: ബൈബിൾ കൺവെൻഷന്റെ സമാപനദിനത്തിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന വി. കുർബാനയ്ക്ക് വികാരിജനറാൾ മോൺ ജോസഫ് മലേപ്പറമ്പിൽ, ആർച്ചുപ്രീസ്റ്റ് ഫാ. തോമസ് മേനാച്ചേരിൽ, രൂപതാചാൻസലർ ഫാ. ജോസഫ് കുറ്റിയാങ്കൽ, ഫാ. ഡോൺ ബോസ്കോ കണ്ടത്തിൽകുടിലിൽ എന്നിവർ സഹകാർമികരായി. കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ മലങ്കര സുറിയാനി മാർത്തോമ്മാസഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ ഡോ. തെയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ സന്ദേശം നൽകി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)
**ഫാ. ആൽബിൻ പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

## കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സഥാശുശ്രുഷ നടത്തപ്പെടുന്നു. രാവിലെ 9 മണി മുതൽ 2 മണി വരെ കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. 2025 ഡിസംബർ മാസത്തിൽ ബ്രദർ പ്രിൻസ് സെബാസ്റ്റ്യൻ, ഫാ. റ്റോംസ് കളപ്പുരയ്ക്കൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണത്തിനു നേതൃത്വം കൊടുത്തു.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാകരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മധ്യസ്ഥപ്രാർത്ഥനാ ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ഡിസംബർ 7 ന് രാമപുരം സെന്റ് അഗസ്റ്റിൻസ് ദൈവലയത്തിൽവച്ച് ഉപവാസ മധ്യസ്ഥപ്രാർത്ഥന

നടത്തി. ബ്രദർ ബാബു തൊമ്മനാമറ്റം ജൂബിലിസന്ദേശം നൽകി. റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം (രാമപുരം സെന്റ് അഗസ്റ്റിൻസ് ചർച്ച് വികാരി) ജൂബിലിത്തിരിതെളിച്ച് ശുശ്രൂഷ ഉദ്ഘാടനം ചെയ്തു. റവ. ഫാ. തോമസ് വെട്ടുകാട്ടിൽ (രാമപുരം സബ്സോൺ ആനിമേറ്റർ) സോൺ, രാമപുരം സബ്സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരിക്കൽ മൂന്നു മണിക്കൂർ സമയം വീതം 7 ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന എൽ.എസ്.എസ്. സെമിനാർ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എല്ലാ ഞായറാഴ്ചകളിലും രണ്ടു മണിമുതൽ 5 മണിവരെയും നടന്നുകൊണ്ടിരിക്കുന്നു.

**4. രാത്രി ആരാധന**

ഡിസംബർ 27 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനദേവാലയത്തിൽ വച്ച് രാത്രി ആരാധന നടത്തപ്പെട്ടു. ഫാ. ഉല്ലാസ് മാത്യു വട്ടംതൊട്ടിയിൽ VC (വിൻസെൻഷ്യൻ മൈനർ സെമിനാരി ചെത്തിമറ്റം) വചനശുശ്രൂഷയും ആരാധനയും നയിച്ചു. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**5.** ഡിസംബർ 7ന് മരങ്ങാട്ടുപിള്ളി സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയത്തിൽ മതബോധനകുട്ടികൾക്കായി കെറിഗ്മ (പ്രാരംഭ സുവിശേഷപ്രഘോഷണം) ശുശ്രൂഷ നടത്തി. ദൈവാലയത്തിലും ക്ലാസ് റൂമിലുമായി നടത്തപ്പെട്ട ഈ ശുശ്രൂഷയിൽ കെറിഗ്മ മിനിസ്ട്രി അംഗങ്ങളും യൂത്ത് യുണൈറ്റഡ് ഫോർ ക്രൈസ്റ്റ് (YU4C) അംഗങ്ങളും ഒന്നു ചേർന്ന് മുപ്പതോളം പേർ ഈ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6.** ഡിസംബർ 13 രണ്ടാം ശനിയാഴ്ച 150 ഓളം പേർ ഈരണ്ടു പേരായി പാലാ പ്രദേശങ്ങളിൽ രൂപത ബൈബിൾകൺവെൻഷനുവേണ്ടി ഭവന സന്ദർശനം നടത്തി ക്ഷണിച്ചു.

**7. ജെറീക്കോപ്രാർത്ഥന**

രൂപത ബൈബിൾ കൺവെൻഷനുവേണ്ടി ഡിസംബർ 1 മുതൽ 18 വരെയും സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ ജെറീക്കോപ്രാർത്ഥന നടത്തി. ഓരോ ദിവസവും ഓരോ സബ്സോൺ സർവീസ് അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**8.** ഡിസംബർ 19 മുതൽ 23 വരെ നടത്തപ്പെട്ട രൂപത ബൈബിൾ കൺവെൻഷനിൽ വിവിധ മിനിസ്ട്രികളിൽ വോളണ്ടിയേഴ്സായി കരിസ്മാറ്റിക് അംഗങ്ങൾ എല്ലാവരുംതന്നെ ശുശ്രൂഷ ചെയ്തു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)
**ഫാ.ആൽബിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ഡിസംബർ 3 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**പ്രത്യാശയുടെ കവാടം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ഭരണങ്ങാനം അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ 'പ്രത്യാശയുടെ കവാടം' തുറന്നതിനോടനുബന്ധിച്ച് ഡിസംബർമാസം പതിനൊന്നാം തീയതി രാവിലെ 11 മണിക്ക് ആരാധനയും തുടർന്ന് പതിനൊന്നരയ്ക്ക് വിശുദ്ധ കുർബാനയും നടത്തി. ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ, സിസ്റ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു.

**സ്നേഹദീപം സന്ദർശനം**

കാഞ്ഞിരപ്പള്ളി ഇഞ്ചിയാനി സ്നേഹദീപം ഭവനത്തിൽ ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ സന്ദർശിക്കുകയും ഭവനത്തിൽ വിവിധതരം കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**കൗൺസലിങ്**

ഡിസംബർ 9, 23 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിലിൽ തടവറയിലെ അന്തേവാസികൾക്കായി കൗൺസലിങ് നടത്തി.

**ക്ഷേമദിനാഘോഷം**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ മുട്ടം ജില്ലാ ജയിലിൽ വച്ച് ജയിൽ ക്ഷേമദിനാഘോഷം നടത്തി. ഫാ ജീവൻ കദളിക്കാട്ട്, ഫാ. ജെയിംസ് പൊരുന്നോലിൽ, സിസ്റ്റേഴ്സ്, മറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**യൂണിറ്റ് സമ്മേളനം**

ഡിസംബർ 20ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും പ്രാർത്ഥനയോഗങ്ങളും നടത്തി.

**ക്രിസ്മസ് ആഘോഷം**

**മീനച്ചിൽ സബ്ജയിൽ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ മീനച്ചിൽ സബ് ജയിലിൽ ക്രിസ്മസ്ദിനാഘോഷം നടത്തി. മോൺ. ജോസഫ് കണിയോടിക്കൽ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ഫാ. ജെയിംസ് പൊരുന്നോലിൽ, സി. ലിസ് മരിയ, സി. ജിസ്മി, മരിയ, മറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**മുട്ടം ജില്ലാ ജയിൽ**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ മുട്ടം ജില്ലാ ജയിലിൽ ക്രിസ്മസ്ദിനാഘോഷം നടത്തി ഫാ. ജോർജ് ഞാറ്റുതൊട്ടിയിൽ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ഫാ. ജെയിംസ് പൊരുന്നോലിൽ, സി. ലിസ് മരിയ, സി. ജിസ്മി, മരിയ മറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിനദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ഡിസംബർ 13 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**2. വളർച്ചാധ്യാനം**

ഡിസംബർ 15 മുതൽ 21 വരെ, കർണാടകയിൽ ചിന്നപട്ടണത്ത് അഭിഷേകാഗ്നി ധ്യാനകേന്ദ്രത്തിൽ, ബഹു. സേവ്യർ ഖാൻ വട്ടായിലച്ചന്റെ കന്നടശുശ്രൂഷകർക്കായി വളർച്ചാധ്യാനം നടത്തി.

**3. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ഡിസംബർ 26 മുതൽ 2026 ജനുവരി 1 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**4. പ്രബോധനപരമ്പര**

നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുള്ള നിഷ്കർഷയോടെ നമ്മുടെ കർത്താവ് പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയെപ്പറ്റി, കത്തോലിക്കാത്തിരുസഭയുടെ മതബോധനഗ്രന്ഥത്തെ അടിസ്ഥാനമാക്കി, പ്രായോഗിക ആത്മീയപ്രസക്തിയോടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന തിരുവചനവിചിന്തനപരമ്പര, ആഴ്ചയിൽ 3 ദിവസം വീതം,

ജൂലൈ 21 ന് ആരംഭിച്ചത് മൗണ്ട് നെബോയുടെ യൂട്യൂബ് ചാനലിൽ തുടർന്നുകൊണ്ടിരിക്കുന്നു.

**5.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷ കൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:

ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2026 ജനുവരി 25 ഞായർ, 5 pm - 31 ശനി, 9 മാ:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഫെബ്രുവരി 15 ഞായർ, 5 pm - 21 ശനി, 9 am :

പഞ്ചദിനദൈവരാജ്യാനുഭവധ്യാനം

2026 മാർച്ച് 15 ഞായർ, 5 pm – 21 ശനി, 9 am :

പഞ്ചദിനദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**എക്സിക്യൂട്ടീവ് മീറ്റിങ്**

15/12/2025 തിങ്കളാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി. എഫ്.സി എക്സിക്യൂട്ടീവ് മീറ്റിങ് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**സപ്ലിമെന്റ് പ്രസിദ്ധീകരണം**

ഡിസംബർ, ജനുവരി മാസങ്ങളിൽ പരമാവധി പള്ളികളിൽ തിരുനാളിനോടനുബന്ധിച്ച് സപ്ലിമെൻറ് പ്രസിദ്ധീകരിക്കാൻ ഡി.എഫ്.സിയുടെ നേതൃത്വത്തിൽ ശ്രമങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

**അനുമോദനം**

ഡിസംബർ 9 ന് നടന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ വിജയികളായ ഡി.എഫ്.സി. അംഗങ്ങളെ അനുമോദിച്ചു.

**മീറ്റിങ്**

ജനുവരിമാസത്തിലെ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി ജനുവരി 13 ന് നടത്തുവാൻ തീരുമാനിച്ചു.

**ഡ്രീം ലൈൻ പ്രോജക്ട്**

ജനുവരിമാസത്തിൽ ഇടവകകളിൽ ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കുവാൻ തീരുമാനമെടുത്തു.

**ഫൊറോന ഇലക്ഷൻ**

കടനാട് ഫൊറോന ഇലക്ഷൻ 23/11/2025 ൽ നടത്തി.

**ഭാരവാഹികൾ**

ടോമി വാളികുളം (പ്രസിഡന്റ്), ബിജു ഞള്ളായിൽ (വൈസ് പ്രസിഡന്റ്), ജോസ് ആമിക്കാട്ട് (സെക്രട്ടറി), ഗ്ലെയ്സൺ വടക്കൻ (ജോയിന്റ് സെക്രട്ടറി), മധു നിരപ്പേൽ (ട്രഷറർ)

**എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ**

സെബാസ്റ്റ്യൻ ചവണിയാങ്കൽ, ജോസ ്കോഴിക്കോട്ട്, കുഞ്ഞുകുട്ടി മഠത്തിപ്പറമ്പിൽ, ഷാജു തെക്കേൽ.

**ക്രിസ്മസ് ആഘോഷം**

ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി ക്രിസ്മസ് കേക്ക് മുറിക്കൽ, ക്രിസ്മസ് സമ്മാനങ്ങൾ കൈമാറൽ തുടങ്ങിയവ നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**പാലാ കാർഷികജില്ലാ സമിതിയോഗം**

പാലാ കാർഷികജില്ലാ സമിതിയുടെ ഒരു യോഗം 2-12-2025 ചൊവ്വാഴ്ച രാവിലെ 10 ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. കാർഷിക ജില്ലാ പ്രസിഡന്റ് ഡോ.കെ.കെ. ജോസ് കരിപ്പാകുടിയിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ഉദ്ഘാടനപ്രസംഗം നടത്തി. 15-ാം തീയതി കാഞ്ഞിരപ്പള്ളിയിൽനിന്നു വരുന്ന ഇൻഫാം രജതജൂബിലി വിളംബരജാഥ/ദീപശിഖാ പ്രയാണത്തിന് കാർഷികജില്ലയുടെ ആഭിമുഖ്യത്തിലുള്ള സ്വീകരണം അരുണാപുരം പള്ളിയിൽവച്ചു നല്കുന്നതിനു തീരുമാനിച്ചു.

**എക്സിക്യൂട്ടീവ് കമ്മിറ്റി**

ഇൻഫാം പാലാ കാർഷികജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം 6-12-2025 ശനിയാഴ്ച 2.30 pm ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തി. ജില്ലാപ്രസിഡന്റ് ഡോ. കെ.കെ. ജോസ് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ ഉദ്ഘാടനപ്രസംഗം നടത്തി. 15-12-2025, 17-12-2025 എന്നീ തീയതികളിലെ ദീപശിഖാപ്രയാണം സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു.

**ഇൻഫാം രജതജൂബിലി വിളംബരജാഥ/ദീപശിഖാപ്രയാണത്തിന് പാലായിൽ സ്വീകരണം**

15-12-2025 തിങ്കളാഴ്ച രാവിലെ 9.30 ന് കൂവപ്പള്ളി സെന്റ് ജോസഫ് പള്ളിയിൽ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളി

ക്കൽപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 25 വൈദികർ പങ്കെടുത്ത വിശുദ്ധ കുർബാനയ്ക്കുശേഷം ഇൻഫാമിന്റെ സ്ഥാപകചെയർമാൻ ബഹു. മാത്യു വടക്കേമുറിയച്ചന്റെ കബറിടത്തിൽ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ കാർമികത്വത്തിൽ ഒപ്പീസ് നടത്തി. പാലാ കാർഷികജില്ലയിൽനിന്ന് ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സമൂഹബലിയിൽ പങ്കെടുത്തു. തുടർന്ന് 11.30 ന് ആരംഭിച്ച ദീപശിഖാപ്രയാണം നിരവധി കാറുകളുടെ അകമ്പടിയോടെ പാലായിലേക്കു പ്രയാണം ആരംഭിച്ചു. 12.30 pm ന് പാലാ കാർഷികജില്ലയുടെ ആഭിമുഖ്യത്തിൽ 30 ൽപരം കാറുകളുടെ അകമ്പടിയോടെ ദീപശിഖാപ്രയാണത്തെ പാലാ വാഴേമഠം ഭാഗത്തുനിന്ന് സ്വീകരിച്ച് അരുണാപുരം പള്ളിയിലേക്ക് ആനയിച്ചു. തുടർന്ന് അരുണാപുരം പാരിഷ് ഹാളിൽ സ്വീകരണസമ്മേളനം നടത്തി. ജാഥാ ക്യാപ്റ്റൻ, ഇൻഫാം സംസ്ഥാന പ്രസിഡന്റ് ജോസ് ഇടപ്പാട്ടിനെ ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാകുടിയിൽ ഷാൾ അണിയിച്ച് സ്വീകരിച്ചു. ജാഥാക്യാപ്റ്റൻ, ഡോ. കെ.കെ. ജോസിന്, പാലാ കാർഷികജില്ലയിൽ പ്രയാണം നടത്തേണ്ട ദീപശിഖ കൈമാറുകയും അദ്ദേഹത്തെ തൊപ്പിയും ഷാളും അണയിച്ച് ആദരിക്കുകയും ചെയ്തു. പിന്നീട് ജില്ലാ എക്സി. കമ്മിറ്റിയംഗങ്ങളെ ദേശീയ സംസ്ഥാനഭാരവാഹികൾ ഷാൾ അണിയിച്ച് ആദരിക്കുകയും ഇൻഫാം പതാക കൈമാറുകയും ചെയ്തു. തുടർന്ന് സ്വീകരണസമ്മേളനം നടത്തി. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ സ്വാഗതം ആശംസിച്ചു. പാലാ രൂപതവികാരി ജനറാൾ ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷപ്രസംഗം നടത്തി. പി.എസ്.ഡബ്ല്യു. എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ആശംസാപ്രസംഗം നടത്തി. ജാഥാ ക്യാപ്റ്റൻ ജോസ് ഇടപ്പാട്ട് മറുപടിപ്രസംഗം നടത്തി. ഡോ. കെ. കെ. ജോസ് കരിപ്പാക്കുടിയിൽ കൃതജ്ഞത പറഞ്ഞു. തുടർന്ന് 2 pm ന് ദീപശിഖ, കോതമംഗലം കാർഷികജില്ലയിലെ സ്വീകരണത്തിന് വാഴക്കുളത്തേക്കു പ്രയാണം ആരംഭിച്ചു.

**ദീപശിഖാപ്രയാണം പാലാ കാർഷികജില്ലയിൽ**

17-12-2025 ബുധനാഴ്ച പാലാ കാർഷികജില്ലയിലുടനീളം ദീപശിഖാപ്രയാണം നടത്തി. രാവിലെ 8 മണിക്ക് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് ദീപശിഖാപ്രയാണം ഫ്ളാഗ്ഓഫ് ചെയ്തു. മുഖ്യവികാരി ജനറാൾ ഡോ. ജോസഫ് തടത്തിൽ, വികാരി ജനറാൾ മോൺ ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, ചാൻസലർ ഫാ. ജോസഫ് കുറ്റിയാങ്കൽ, പ്രൊക്യുറേറ്റർ ഫാ. ജോസഫ് മുത്തനാട്ട്, കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, ജില്ലാ പ്രസിഡന്റ് ഡോ. കെ.കെ. ജോസ്, ദേശീയ സെക്രട്ടറി സണ്ണി അരഞ്ഞാണിപുത്തൻപുര, ദേശീയകമ്മിറ്റിയംഗം മാത്യു മാമ്പറമ്പിൽ തുടങ്ങിയവരുൾപ്പെടെ നിരവധി

വൈദികരും ഇൻഫാം പ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു. ദീപശിഖാപ്രയാണത്തിന് ജാഥാ ക്യാപ്റ്റൻ ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ നേതൃത്വം നൽകി. പാലലാ കത്തീഡ്രൽ, ഭരണങ്ങാനം, അരുവിത്തുറ, ചെമ്മലമറ്റം, കൊഴുവനാൽ, ചേർപ്പുങ്കൽ, കടപ്ലാമറ്റം, വയല, കടുത്തുരുത്തി, ഇലഞ്ഞി, രാമപുരം, കടനാട് എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം 6.30 pm ന് പ്രവിത്താനത്തെ സ്വീകരണത്തോടെ ദീപശിഖാ പ്രയാണം സമാപിച്ചു.

**ഇൻഫാം രജതജൂബിലിയാഘോഷപരിപാടികൾ**

2026 ജനുവരി 3 ന് കട്ടപ്പനയിൽവച്ചു നടക്കുന്ന രജതജൂബിലി റാലിയിൽ പാലാ കാർഷികജില്ലയിൽനിന്ന് 75 പേരെ പങ്കെടുപ്പിക്കുന്നതിനു തീരുമാനിച്ചു. ജനുവരി 20 ന് കുട്ടിക്കാനം മരിയൻ കോളജിൽ വച്ചു നടത്തുന്ന 'വീർ കിസാൻ ഭൂമിപത്ര' അവാർഡ് ചടങ്ങിൽ 75 വയസ്സ് പൂർത്തിയാക്കിയ പാലായിൽനിന്നുള്ള ഇൻഫാം അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനു തീരുമാനിച്ചു. 23-ാം തീയതി കാഞ്ഞിരപ്പള്ളി മഹാജൂബിലി ഹാളിൽ നടക്കുന്ന ലീഡേഴ്സ് മീറ്റ്, 29 ന് പൊടിമറ്റത്തു വച്ചുനടക്കുന്ന 'പച്ചപ്പൊലിമ', 30 ന് പൊടിമറ്റത്തു വച്ചു നടക്കുന്ന 'കിസാൻ കാർണിവൽ' ഫെബ്രുവരി 1 ന് പൊടിമറ്റത്തു വച്ചു നടക്കുന്ന രജതജൂബിലി സമാപനസമ്മേളനം എന്നിവയിൽ പാലാ കാർഷികജില്ലയിൽനിന്ന് പരമാവധി പ്രവർത്തകർ പങ്കെടുക്കുന്നതിനും തീരുമാനിച്ചു.

**ജോസ് തറപ്പേൽ** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2025

| | | |
|---|---|---|
| 1. | 3: 00 pm | ബിഷപ്സ് ഹൗസിൽ വെച്ച് Divine Mercy National Pilgrimage ന്റെ flag off കർമ്മം നടത്തി. |
| | 4.30 pm | സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ പാലാ ബൈബിൾ കൺവൻഷൻ പന്തലിന്റെ കാൽനാട്ട് കർമ്മം നിർവഹിച്ചു. |
| 2. | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 3. | 11.30 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന KCBC women's Commission ന്റെ കോട്ടയം zone meeting ൽ പങ്കെടുത്തു സന്ദേശം നൽകി. |
| 4. | 3.00 pm | പാലാ രൂപതയുടെ ഡീക്കന്മാരും അവരുടെ മാതാപിതാക്കളുമായി ബിഷപ്സ് ഹൗസിൽ വച്ച് കൂടിക്കാഴ്ച നടത്തി. |
| 6. | 10.30 pm | പയസ് മൗണ്ടിൽ സ്ഥാപിതമായിരിക്കുന്ന Lovedale പാലിയേറ്റിവ് കെയർ ഹോമിന്റെ ആശീർവാദം നടത്തി. |
| | 2.30 pm | ബിഷപ്സ് ഹൗസിൽ വച്ച് നടന്ന രൂപതാ higher education counsil മീറ്റിംഗിൽ പങ്കെടുത്തു. |
| 7. | 9. 00 am | തിടനാട് പള്ളിയുടെ സാൻജോസ് ഷോപ്പിംഗ് കോംപ്ലെക്സിന്റെ ആശീർവാദം നടത്തി |
| | 2.30 pm | കൊച്ചിയിൽ വച്ചു നടന്ന റൈറ്റ് റവ. ആന്റണി കാട്ടിപ്പറമ്പിൽ പിതാവിന്റെ മെത്രാഭിഷേകത്തിലും സ്ഥാനാരോഹണശുശ്രൂഷയിലും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പങ്കെടുത്തു. |

| | | |
|---|---|---|
| 8 | 10.00 am | പാലാ ജൂബിലി കപ്പേളയിൽ മാതാവിന്റെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 7.00 pm | വാഴൂർ സ്ഥാപിതമായിരിക്കുന്ന ഇങ്ങക കോട്ടയം പ്രോവിൻസിന്റെ പുതിയ Provincial House വെഞ്ചരിപ്പിനോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിൽ സന്ദേശം നൽകി. |
| 9 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | കോട്ടയം ദേവലോകം അരമനയിൽ Joint International Commission ന്റെ ഓർത്തഡോക്സ് സഭയുമായുള്ള ചർച്ചയിൽ പങ്കെടുത്തു. |
| 10 | 9.30 am | കോട്ടയം ദേവലോകം അരമനയിൽ Joint International Commission ന്റെ ഓർത്തഡോക്സ് സഭയുമായുള്ള ചർച്ചയിൽ പങ്കെടുത്തു. |
| 11 | 10.00 am | ചരൽക്കുന്നിൽ വച്ച് നടന്ന Joint International Commission ന്റെ മാർത്തോമാ സഭയുമായുള്ള ചർച്ചയിൽ പങ്കെടുത്തു. |
| 12 | 10.00 am | മുളന്തുരുത്തി സെമിനാരിയിൽ വച്ചു നടന്ന Joint International Commission ന്റെ യാക്കോബായ സഭയുമായുള്ള ചർച്ചയിൽ പങ്കെടുത്തു. |
| 14 | | ഭരണങ്ങാനം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 15 | 10. 30 am | ചൂണ്ടച്ചേരി SJCET എഞ്ചിനീയറിംഗ് കോളേജിന്റെ Governing Body മീറ്റിംഗിൽ പങ്കെടുത്തു. |
| 16 | 10.30 am | പാലാ രൂപതയുടെ പ്രസ്ബിറ്റേറിയത്തിൽ മുഖ്യപ്രഭാഷണം നടത്തി. |
| | 4.00 pm | കടുത്തുരുത്തി പള്ളിയുടെ പുതിയ കൺവൻഷൻ സെന്ററും ഷോപ്പിംഗ് കോംപ്ലക്സും വെഞ്ചരിച്ചു. |
| 17 | 08.00 am | ഇൻഫാമിന്റെ വിളംബര വാഹനജാഥയുടെ ഫ്ളാഗ് ഓഫ് നടത്തി. |

| | | |
|---|---|---|
| | 4.00 pm | അല്മായർക്കായി അൽഫോൻസിയൻ ദൈവശാസ്ത്ര അക്കാദമി നടത്തുന്ന ദൈവശാത്ര കോഴ്സിന്റെ convocation ceremony യിൽ സംബന്ധിച്ചു. |
| 18 | 10.30 am | മണിയംകുന്ന് പള്ളിയിൽ ദൈവദാസി കൊളേത്താമ്മയുടെ ചരമവാർഷികത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയ്ക്കും മറ്റു തിരുക്കർമ്മങ്ങൾക്കും മുഖ്യകാർമ്മികത്വം വഹിച്ചു. |
| 19 | 5.30 pm | പാലാ ബൈബിൾ കൺവൻഷന്റെ ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷസ്ഥാനം വഹിച്ചു പ്രഭാഷണം നടത്തി. |
| 20. | 11.00 am | കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടന്ന പാലാ കോർപ്പറേറ്റിന്റെ അധ്യാപക-അനധ്യാപക സമ്മേളനത്തിൽ പങ്കെടുത്തു അവാർഡ് ദാനം നിർവഹിച്ചു. |
| | | ദൈവദാൻ സെന്റർ, ജൂബിലി ഭവൻ മുതലായ അഗതിമന്ദിരങ്ങളിൽ സന്ദർശനം നടത്തി. ക്രിസ്മസ് സമ്മാനങ്ങൾ കൈമാറി. |
| | 4.00 pm | പാലാ ബൈബിൾ കൺവൻഷനിൽ വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 24 | 8.00 am | കത്തീഡ്രൽ പള്ളിയിൽ വച്ച് സത്നാ, ഉജ്ജയിൻ, പൂനാ എന്നീ സെമിനാരികളിൽ പഠിക്കുന്ന പാലാ രൂപതാ വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാനാ പട്ടം നൽകി. |
| | | ഡോൺ ബോസ്കോ പൂവർ ഹോം, മരിയസദനം, ഗേൾസ് ടൗൺ, കാരുണ്യ ഭവൻ മുതലായ അഗതിമന്ദിരങ്ങളിൽ സന്ദർശനം നടത്തി ക്രിസ്മസ് സമ്മാനങ്ങൾ കൈമാറി. |
| 25 | | പാലാ കത്തീഡ്രൽ പള്ളിയിൽ പിറവിത്തിരുനാൾ കർമങ്ങൾക്ക് മുഖ്യകാർമ്മികനായി. |
| 26 | 9.15 am | അന്ത്യാളം പള്ളിയിൽ ഡീ. അബ്രാഹം പുതിയാത്തിന് പൗരോഹിത്യം നൽകി. |

| | | |
|---|---|---|
| | 11.45 am | കുറവിലങ്ങാട് പള്ളിയിൽ ഫാ. ജോസ് കോട്ടയിലിന്റെ സുവർണജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു. |
| 27 | 9.15 am | എഴാച്ചേരി പള്ളിയിൽ ഡീ. അലക്സ് കാഞ്ഞിരത്തുങ്കലിന് പൗരോഹിത്യം നൽകി. |
| | 2.30 pm | വാകക്കാട് പള്ളിയിൽ ഡീ. ജോർജ് പ്ലാത്തോട്ടത്തിന് പൗരോഹിത്യം നൽകി. |
| 28 | 9.15 am | മേവട പള്ളിയിൽ ഡീ. ജോർജ് തെക്കേചൂരനോലിലിന് പൗരോഹിത്യം നൽകി. |
| | 5.00 pm | ബഹു. ജേക്കബ് കട്ടയ്ക്കലച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 29 | 9.15 am | മണ്ണാറപ്പാറ പള്ളിയിൽ ഡീ. ജേക്കബ് കരിനാട്ടിന് പൗരോഹിത്യം നൽകി. |
| | 2.30 pm | കൂടല്ലൂർ പള്ളിയിൽ ഡീ. സെബാസ്റ്റ്യൻ പ്ലാത്തോട്ടത്തിന് പൗരോഹിത്യം നൽകി. |
| 30 | 9.15 am | പ്രവിത്താനം പള്ളിയിൽ ഡീ. അബ്രാഹം പുള്ളിക്കാട്ടിലിന് പൗരോഹിത്യം നൽകി. |
| 31 | 9.15 am | അറക്കുളം പുത്തൻ പള്ളിയിൽ ഡീ. കുര്യാക്കോസ് കൂട്ടുങ്കലിന് പൗരോഹിത്യം നൽകി. |

## 17.12.2025










**അൽഫോൻസിയൻ അക്കാദമി ഓഫ് റിലീജിയസ് സയൻസിന്റെ ബിരുദ–ബിരുദാനന്തര ബിരുദദാന ചടങ്ങിൽ സന്ദേശം നൽകുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്**

## 20.12.2025



**പാലാ കോർപറേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന അധ്യാപക–അനധ്യാപക സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്**







ഡിസംബർ 19-23, 2025










43-ാം പാലാ
ബൈബിൾ കൺവൻഷൻ,
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവിന്റെയും അഭിവന്ദ്യ
മാർ ജോസഫ് പള്ളിക്കാപറമ്പിൽ
പിതാവിന്റെയും സാന്നിധ്യത്തിൽ
കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി
ഉദ്ഘാടനം ചെയ്തു. ഫാ. ഡോമിനിക്
വാളന്മനാൽ കൺവൻഷന് നേതൃത്വം
നൽകി. മാർത്തോമാ സഭയുടെ
പരമാധ്യക്ഷൻ തെയഡോഷ്യസ്
മാർത്തോമാ മെത്രാപ്പോലീത്ത
സമാപനസമ്മേളനത്തിൽ
അനുഗ്രഹപ്രഭാഷണം
നടത്തി.





24.12.2025







ഉജ്ജയിൻ, സത്നാ,
പൂന എന്നീ
സെമിനാരികളിൽ  വൈദിക
പരിശീലനം നടത്തുന്ന കുര്യൻ
വലിയപ്ലാക്കിൽ, ഫ്രാൻസിസ്
കൊച്ചീലാത്ത്, ജോർജ്
പുളിനിൽക്കുംതടത്തിൽ, മാത്യു
മണ്ണാറാത്ത്, ജെയിംസ് മേൽവെട്ടം
എന്നിവർക്ക് അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് പാലാ
കത്തീഡ്രൽ പള്ളിയിൽ വച്ച്
മ്ശംശാനാ പട്ടം നൽകി.

26.12.2025










പാലാ രൂപതാ പ്രവാസി
അപ്പോസ്തലേറ്റിന്റെ Christmas
Gathering പാലാ ബിഷപ്സ്
ഹൗസിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ
ജോസഫ് കല്ലറങ്ങാട്ട്, അഭിവന്ദ്യ മാർ
ജോസഫ് പള്ളിക്കാപറമ്പിൽ എന്നീ
പിതാക്കന്മാർ ക്രിസ്മസ്
സന്ദേശം നൽകി.

സ്നേഹസ്മരണയ്ക്ക്





# ഡോ. ജേക്കബ് കട്ടക്കൽ

അറക്കുളം പഴയ പള്ളി ഇടവകയിലെ കട്ടയ്ക്കൽ തോമസിന്റെയും ഏലിയാമ്മയുടെയും മകനായി 1930 മാർച്ച് 30ന് ജനിച്ച ഫാ. ജേക്കബ് കട്ടക്കൽ, 1930 ഏപ്രിൽ 8ന് ഇടമറ്റം പള്ളിയിൽ മാമ്മോദീസ സ്വീകരിച്ചു. അറക്കുളം സെന്റ് തോമസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിലും, ഭരണങ്ങാനം സെന്റ് മേരീസ് സ്കൂളിലുമാണ് പ്രാഥമികവിദ്യാഭ്യാസവും ഹൈസ്കൂൾപഠനവും അദ്ദേഹം പൂർത്തിയാക്കിയത്. 1949ൽ ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ വൈദികപരിശീലനം ആരംഭിച്ച അദ്ദേഹം, 1951 മുതൽ 1958 വരെ ത്വശിനാപ്പിള്ളിയിലെ സെന്റ് പോൾസ് മേജർ സെമിനാരിയിൽ ദൈവശാസ്ത്രപഠനം നടത്തി. 1958 മാർച്ച് 28ന് പാലാ രൂപതയുടെ ആദ്യമെത്രാനായ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കൈവയ്പ്പിനാൽ പാലായിൽ വച്ച് അദ്ദേഹം വൈദികനായി അഭിഷിക്തനായി. വൈദികജീവിതത്തിന്റെ തുടക്കത്തിൽത്തന്നെ പഠനത്തിലും അധ്യാപനത്തിലും അസാ ധാരണമായ കഴിവു തെളിയിച്ച ഫാ. ജേക്കബ് കട്ടക്കൽ ഉന്നതപഠനത്തിനായി റോമിലെ ഗ്രിഗോറിയൻ സർവകലാശാലയിൽ ചേർന്നു. അവിടെ അദ്ദേഹം 1958–1961 കാലഘട്ടത്തിലും 1964–1965 കാലത്തുമായി ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് (DD) നേടി. പിന്നീട് ലണ്ടൻ സർവകലാശാലയിൽനിന്ന് സംസ്കൃതത്തിൽ എം.എ. ബിരുദവും (1969–1973), കേരള സർവകലാശാലയിൽ നിന്ന് ഭാരതീയദർശനത്തിൽ പി.എച്ച്.ഡി. ബിരുദവും (1969–1973) അദ്ദേഹം സ്വന്തമാക്കി. രണ്ടു ഡോക്ടറേറ്റുകൾ കരസ്ഥമാക്കിയ ഒരു അതുല്യപ്രതിഭയായിരുന്നു ഫാ. ജേക്കബ് കട്ടയ്ക്കൽ. പാശ്ചാത്യദൈവശാസ്ത്രവും ഭാരതീയദർശനവും ഒരുപോലെ കൈകാര്യം ചെയ്യുന്ന അപൂർവ പണ്ഡിതന്മാരിൽ ഒരാളായി അദ്ദേഹം സഭയിൽ അംഗീകാരം നേടി. അധ്യാപകജീവിതത്തിന്റെ ദീർഘകാലം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലായിരുന്നു (1965 –1969, 1973–1986, 1991–1995). അനേകം വൈദികരുടെയും സന്യാസികളുടെയും പരിശീലനത്തിലും രൂപീകരണത്തിലും നിർണ്ണായക പങ്ക് വഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. 2000 മുതൽ ചിക്കാഗോ രൂപതയിലെ ലോസ് ആഞ്ചലസിലും അദ്ദേഹത്തിന്റെ ശുശ്രൂഷ തുടരുകയുണ്ടായി. ദീർഘകാല വൈദിക–അധ്യാപന ശുശ്രൂഷയ്ക്കു ശേഷം 2021 ഒക്ടോബർ 1ന് പാലായിലെ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ച ഫാ. ജേക്കബ് കട്ടയ്ക്കൽ, 2024 മുതൽ ചേർപ്പുങ്കലിലെ കാസാ ദെൽ ക്ലെരോയിൽ രോഗശയ്യയിൽ ആയിരുന്നു. 2025 ഡിസംബർ 23 ന് അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2025 ഡിസംബർ 28 ഞായറാഴ്ച മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് കൊല്ലംപറമ്പിൽ എന്നീ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ അറക്കുളം പഴയപള്ളിയിൽ വച്ച് അദ്ദേഹത്തിന്റെ ശവസംസ്കാരശുശ്രൂഷകൾ നടന്നു.








**ദൈവദാൻ സെന്റർ, ജൂബിലി ഭവൻ, ഡോൺബോസ്കോ പൂവർ ഹോം, മരിയ സദൻ, ഗേൾസ് ടൗൺ, കാരുണ്യ ഭവൻ എന്നീ അഗതി മന്ദിരങ്ങളിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദർശിച്ച് ക്രിസ്മസ് സമ്മാനങ്ങൾ നൽകി**

### സ്നേഹസ്മരണയ്ക്ക്



## സി. സൂനാ ഗ്രെയ്സ് CMC
**കൈതമറ്റത്തിൽ (60)**

| | | |
|---|---|---|
| ഇടവക | : | കുറവിലങ്ങാട് |
| ജനനം | : | 02.05.1965 |
| നിത്യവ്രതം | : | 16.05.1991 |
| മരണം | : | 27.11.2025 |
| മൃതസംസ്കാരം | : | പാലാ, കത്തീഡ്രൽ |

*സേവനമണ്ഡലങ്ങൾ:*
രാമപുരം, കോതനല്ലൂർ, മറ്റക്കര, മണ്ണാറപ്പാറ, കുറവിലങ്ങാട്, കാർമ്മൽ ഭവൻ, നസ്രത്ത് ഭവൻ, പ്രൊവിൻഷ്യൽ ഹൗസ്, മൂന്നാനി

### സ്നേഹസ്മരണയ്ക്ക്



## സി. മേരി സിസിലി CMC
**കുമ്പളക്കുഴി (74)**

| | | |
|---|---|---|
| ഇടവക | : | ജയ്ഗിരി |
| ജനനം | : | 24.12.1951 |
| നിത്യവ്രതം | : | 25.05.1977 |
| മരണം | : | 13.12.2025 |
| മൃതസംസ്കാരം | : | മുത്തോലി |

*സേവനമണ്ഡലങ്ങൾ:*
ചേർപ്പുങ്കൽ, ഛാന്ദാ, വിളക്കുമാടം, കിരണ്ടുൾ (M.P), തിരുമാറാടി, കർമ്മലരാം, മുത്തോലി

### സ്നേഹസ്മരണയ്ക്ക്



## സി. മെർളി SMC
**പുൽപ്പറമ്പിൽ (90)**

| | | |
|---|---|---|
| ഇടവക | : | കല്ലൂർക്കാട് |
| ജനനം | : | 29.03.1935 |
| നിത്യവ്രതം | : | 04.05.1981 |
| മരണം | : | 21.12.2025 |
| മൃതസംസ്കാരം | : | പാലാ കത്തീഡ്രൽ |

*സേവനമണ്ഡലങ്ങൾ:*
മൂലമറ്റം, പാലാ, മുരിക്കാശ്ശേരി പൊൻകുറ്റി, കുടയത്തൂർ ചെമ്പകപ്പാറ, കുമാരനല്ലൂർ

### സ്നേഹസ്മരണയ്ക്ക്



## സി. ആനി തോമസ് SABS
**പൊടിമറ്റത്തിൽ (81)**

| | | |
|---|---|---|
| ഇടവക | : | കത്തീഡ്രൽ |
| ജനനം | : | 15.01.1937 |
| നിത്യവ്രതം | : | 08.05.1960 |
| മരണം | : | 26.12.2025 |
| മൃതസംസ്കാരം | : | ചീങ്കല്ലേൽ റോസ് ഭവൻ മഠം |

*സേവനമണ്ഡലങ്ങൾ:*
വടകര, കടുത്തുരുത്തി, മുളക്കുളം, കടനാട്, സേവ്യർപുരം, ഉള്ളനാട്, മുത്തോലപുരം, കൂത്തുപറമ്പ്, മുട്ടം, ബോംബെ, ഭോപ്പാൽ, ഉരുളികുന്നം, കുറുമണ്ണ്, റോസ്ഭവൻ

# SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil